Question Hour

Uncorrected/Not for publication
18-09-2025

<u>മി. സ്പീക്കർ:</u> ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ (***61**)

## പട്ടികജാതി നഗറുകളുടെ സമഗ്ര വികസനം

(*61) <u>ശ്രീമതി ശാന്തകുമാരി കെ.</u>:
<u>ശ്രീ. എം. മുകേഷ്</u>:
<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>:
<u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി നഗറുകളുടെ സമഗ്ര വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ;

(ബി) പതിനഞ്ചിൽ താഴെ മാത്രം കുടുംബങ്ങൾ താമസിക്കുന്ന നഗറുകളുടെ അടിസ്ഥാനസൗകര്യ വികസനം അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) എന്തെല്ലാം അടിസ്ഥാനസൗകര്യ വികസന പദ്ധതികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ,

(എ) സംസ്ഥാനത്ത് പട്ടികജാതി നഗറുകളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് അംബേദ്കർ ഗ്രാമം പദ്ധതി 2016-17 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി ഗ്രാമങ്ങളിൽ ഒരു കോടി രൂപ വരെയുള്ള വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതി പ്രകാരം നടപ്പിലാക്കുന്നത്. 2016-17 സാമ്പത്തിക വർഷം മുതൽ 2024-25 സാമ്പത്തിക വർഷം വരെ 800 ഗ്രാമങ്ങളെ ടി പദ്ധതിയിലേക്ക് തിരഞ്ഞെടുത്തിട്ടുള്ളതിൽ 428 ഗ്രാമങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ 73 ഗ്രാമങ്ങളെ കൂടി ടി പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

കോർപ്പസ് ഫണ്ട് പദ്ധതികളിൽ ഉൾപ്പെടുത്തിയും ത്രിതല ഗ്രാമ പഞ്ചായത്തുകളുടെ പട്ടികജാതി വിഹിതം ഉപയോഗിച്ചും പട്ടികജാതി ഗ്രാമങ്ങളിലെ വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) അംബേദ്കർ ഗ്രാമം പദ്ധതിയുടെ നിലവിലെ മാനദണ്ഡപ്രകാരം സംസ്ഥാനത്തെ അസംബ്ലി നിയോജകമണ്ഡലങ്ങളിൽ ഭൂരിഭാഗം പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും കുറഞ്ഞത് 25 പട്ടികജാതി കുടുംബങ്ങളെങ്കിലും ഉള്ളതുമായ ഗ്രാമങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. കുടുംബങ്ങളുടെ എണ്ണം 25-ൽ കുറവുള്ള ഗ്രാമങ്ങൾ / നഗറുകൾ ഉൾപ്പെടുത്തേണ്ടുന്ന സാഹചര്യത്തിൽ അതേ വാർഡിലെയോ തൊട്ടടുത്ത വാർഡിലെയോ ഭൂമിശാസ്ത്രപരമായി ചേർക്കാവുന്ന ഒരു നഗറിനെ കൂടി ഉൾപ്പെടുത്തി കുറഞ്ഞത് 25 കുടുംബങ്ങളുടെ ക്ലസ്റ്ററുകളായി പദ്ധതി നടപ്പിലാക്കാവുന്നതും പരമാവധി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാവുന്നതുമാണ്. ഇത്തരത്തിൽ നിർദേശിക്കപ്പെടുന്ന നഗറുകളിലെ ഗുണഭോക്താക്കളുടെ എണ്ണം 25-ൽ കുറവും ക്ലസ്റ്ററായി നടപ്പിലാക്കാനും കഴിയാത്ത സാഹചര്യമാണെങ്കിൽ ആനുപാതികമായി തുക കുറവ് ചെയ്ത് DPR തയ്യാറാക്കി പദ്ധതി നടപ്പിലാക്കേണ്ടതാണ്. ഇതിനായി കുടുംബങ്ങളുടെ എണ്ണം 20 മുതൽ 24 വരെയാണെങ്കിൽ 75 ലക്ഷം രൂപയും 15 മുതൽ 19 വരെയാണെങ്കിൽ 50 ലക്ഷം രൂപയും ചെലവഴിക്കാവുന്നതാണ്.

ശിപാർശ ചെയ്യുന്ന നഗറിലെ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം 15-ൽ താഴെയാണെങ്കിൽ അത്തരം നഗറുകളെ ക്ലസ്റ്ററിന്റെ ഭാഗമായി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കാൻ സാധിക്കും.

(സി) അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ നിലവിലെ മാനദണ്ഡപ്രകാരം ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്താം.

i. ഗ്രാമങ്ങൾക്കുള്ളിലെ റോഡ്/ നടപ്പാത

ii. കുടിവെള്ള വിതരണം-ഓരോ വീട്ടിലും ഗാർഹിക കണക്ഷൻ ലഭ്യമാക്കി കുടിവെള്ള വിതരണം ഉറപ്പാക്കേണ്ടതാണ്. ജൽജീവൻ മിഷൻ ഉൾപ്പെടെയുള്ള കുടിവെള്ള പദ്ധതികളുള്ളയിടങ്ങളിൽ ഒഴിവാക്കേണ്ടതാണ്.

iii. തെരുവ് വിളക്കുകൾ സ്ഥാപിക്കൽ

iv. ഇന്റർനെറ്റ് കണക്റ്റിവിറ്റി സൗകര്യങ്ങൾ (കമ്മ്യൂണിറ്റി ഹാൾ/ ലൈബ്രറി)

v. ഗ്രാമത്തിലെ ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ

vi. ഭവന പുനരുദ്ധാരണം

vii. ടോയ്‌ലറ്റ് നിർമ്മാണം/ ഉപയോഗയോഗ്യമാക്കൽ

viii. വിജ്ഞാനവാടി നിർമ്മാണം/ മെയിന്റനൻസ്

ix. ഗ്രാമത്തിനുള്ളിലെ പൊതു ആസ്തികളുടെ മെയിന്റനൻസ്

x. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (കളിസ്ഥലം, കാവ്, കുളം ഉൾപ്പെടെ)

xi. സംരക്ഷണ ഭിത്തി നിർമ്മാണം (മണ്ണിടിച്ചിൽ ഭീഷണിയുള്ള സാഹചര്യത്തിൽ മാത്രം)

xii. കിണർ നവീകരണം

xiii. ഭവന വൈദ്യുതീകരണം

xiv. സാംസ്കാരിക നിലയം, വായനശാല എന്നിവയുടെ നിർമ്മാണം/ നവീകരണം.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ഇക്കഴിഞ്ഞ ആഗസ്റ്റ് മാസം 29, 30 തീയതികളിലായി ഒറീസ്സയിലെ ഭുവനേശ്വറിൽവച്ച് നടന്ന പട്ടികജാതി-പട്ടികവർഗ ക്ഷേമം സംബന്ധിച്ച സമിതി ചെയർപേഴ്സൺമാരുടെ ദേശീയ

കോൺഫറൻസിൽ വളരെ അഭിമാനത്തോടുകൂടി അവതരിപ്പിച്ചത് കേരളത്തിലെ എസ്.സി./എസ്.ടി. മേഖലകളിൽ നടത്തിക്കൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ചാണ്. അതിൽ വിങ്സ്, അംബേദ്കർ ഗ്രാമ പദ്ധതി, ലൈഫ് മിഷൻ, പട്ടയ മിഷൻ, ട്രേസ് (TRACE) തുടങ്ങിയ പദ്ധതികൾ വളരെ കൈയടിയോടെയാണ് ദേശീയതലത്തിൽ അംഗീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിനെ ഞാൻ വളരെയേറെ അഭിനന്ദിക്കുകയാണ്. അംബേദ്കർ ഗ്രാമ പദ്ധതി ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ്. പുതുക്കിയ മാനദണ്ഡം അനുസരിച്ചുകൊണ്ട് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചു. എല്ലാ ജില്ലകളിലും 5 കുടുംബങ്ങൾ ഒരുമിച്ച് താമസിക്കുന്ന കോളനികളെ ഒരു ഹാബിറ്റാറ്റ് ആക്കി മാറ്റി അവർക്ക് പ്രത്യേകമായി എന്ത് പദ്ധതികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, 5 കുടുംബങ്ങൾ ഉള്ളതിനെ ഹാബിറ്റാറ്റാക്കിയാണ് പരിഗണിച്ചിട്ടുള്ളത്. അതിനുപുറമേ വരുന്ന ഇത്തരം നഗറുകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഇതേ മാനദണ്ഡത്തിന്റെ

അടിസ്ഥാനത്തിലുള്ള ഒരു പുതിയ പദ്ധതികൂടി ആവിഷ്കരിച്ചിട്ടുണ്ട്. അതിന്റെ ക്രൈറ്റീരിയ പൂർത്തീകരിച്ച് ജില്ലാതലത്തിൽ പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീമതി ശാന്തകുമാരി കെ.: സർ, അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ പുരോഗതിയെ സംബന്ധിച്ച് പലരും ആശങ്കയിലാണ്. ഇംപ്ലിമെന്റേഷൻ ഉൾപ്പെടെ പ്രസ്തുത പദ്ധതിയുടെ പുരോഗതി ശക്തമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഞാൻ അംബേദ്കർ ഗ്രാമ പദ്ധതിയെക്കുറിച്ച് ആദ്യം സൂചിപ്പിച്ചിരുന്നു. അനുവദിച്ച പദ്ധതികളിൽ 50 ശതമാനത്തോളം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. കാര്യങ്ങൾ വേഗത്തിലാക്കുന്നതിനുവേണ്ടി സാങ്കേതികാനുമതിയും ഭരണാനുമതിയും ജില്ലാതലത്തിൽ നൽകാനുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ജില്ലയിലെ എസ്.സി. ഓഫീസർ കൺവീനറായിട്ടുള്ള, ജില്ലാ കളക്ടറും ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനുവേണ്ടി ഒരു മോണിറ്ററിങ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. എം.എൽ.എ.-മാർ ചെയർമാന്മാരായ കമ്മിറ്റികൾ

നിയോജകമണ്ഡലതലത്തിൽ നിലവിലുണ്ട്. അത്തരം കമ്മിറ്റികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തി കൃത്യമായ ഇടപെടൽ നടത്താനും കാര്യങ്ങൾ വേഗത്തിലാക്കാനുമുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. എം. മുകേഷ്: സർ, അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ വീട് നവീകരണം, ഇലക്ട്രിഫിക്കേഷൻ, ശുചിമുറി നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ഗുണഭോക്താക്കൾക്ക് ഏറ്റെടുത്ത് നടപ്പിലാക്കാൻ സാധിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, പുതിയ ഉത്തരവനുസരിച്ച് അംബേദ്കർ ഗ്രാമ വികസന പദ്ധതി നടപ്പിലാക്കുന്നതിനായി ലോക്കൽ ബോഡികളെയും ഗവൺമെന്റ് അംഗീകൃത അക്രെഡിറ്റഡ് ഏജൻസിയെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. അക്രെഡിറ്റഡ് ഏജൻസിയുമായി എഗ്രിമെന്റിൽ ഏർപ്പെട്ടുകൊണ്ട് അത്തരം പ്രവൃത്തികൾ ഉപഭോക്താവിന് നേരിട്ടുതന്നെ ചെയ്യാനുമുള്ള പ്രൊവിഷൻ ഉത്തരവിൽ കൊടുത്തിട്ടുണ്ട്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, അംബേദ്കർ ഗ്രാമ വികസന പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് ജില്ലാതലത്തിൽ ടെക്നിക്കൽ കമ്മിറ്റി

രൂപീകരിച്ചിട്ടുണ്ടോ; രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ഘടന വിശദീകരിക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, അംബേദ്കർ ഗ്രാമ വികസന പദ്ധതിക്ക് വകുപ്പുതലത്തിൽ ഭരണാനുമതി നൽകുമ്പോഴുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി പദ്ധതിയുടെ ഡി.പി.ആർ. ജില്ലാതലത്തിൽ സാങ്കേതിക പരിശോധന നടത്തി അംഗീകാരം നൽകുന്നതിനും ശിപാർശ ചെയ്യുന്നതിനുമായി ജില്ലാ പട്ടികജാതി വികസന ഓഫീസർ കൺവീനറും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ കളക്ടർ ശിപാർശ ചെയ്യുന്ന പ്രാദേശിക പദ്ധതി നിർവഹണത്തിൽ പരിചയമുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ കുറയാത്ത ഒരു വിരമിച്ച ഉദ്യോഗസ്ഥൻ എന്നിവരെ ഉൾപ്പെടുത്തി ജില്ലാതലത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. ജെ. മാക്സി: സർ, അംബേദ്കർ ഗ്രാമ വികസന പദ്ധതികൾ അംഗീകൃത ഏജൻസിക്കുപുറമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയുമോ?

ശ്രീ. ഒ. ആർ. കേളു: സർ, അക്രെഡിറ്റഡ് ഏജൻസികളെ മാത്രം ഏൽപ്പിക്കുന്ന രീതിയാണ് മുമ്പുണ്ടായിരുന്നത്. ആ ഉത്തരവ് ലഘൂകരിച്ച് ലോക്കൽ ബോഡികൾക്കുകൂടി, അതായത് ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളെ പദ്ധതി ഏൽപ്പിക്കാവുന്ന രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, എസ്.സി. പ്രൊമോട്ടർമാരുടെയും ക്ലെറിക്കൽ അസിസ്റ്റന്റുമാരുടെയും ഓണറേറിയം ഏകദേശം എട്ട് വർഷം മുമ്പാണ് വർധിപ്പിച്ചത്. 2017-ൽ എസ്.സി. പ്രൊമോട്ടർമാർക്ക് 7500 രൂപയാണ് ഓണറേറിയമായി നൽകിയിരുന്നത്. അതിപ്പോൾ 10,000 രൂപയായി വർധിപ്പിച്ചു. എന്നാൽ ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ ഓണറേറിയം എട്ട് വർഷത്തോളമായിട്ടും ഒരേ രീതിയിൽ തുടരുകയാണ്. ഇതിനിടയിൽ പലതവണ ബസ് ചാർജും ജീവിതച്ചെലവും വർധിക്കുകയുണ്ടായി. അതിനനുസരിച്ച് ഓണറേറിയത്തിൽ മാറ്റമുണ്ടായിട്ടില്ല. അതുകൊണ്ട് എസ്.സി പ്രൊമോട്ടർമാരുടെയും ക്ലെറിക്കൽ അസിസ്റ്റന്റുമാരുടെയും ഓണറേറിയം വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, എസ്.സി പ്രൊമോട്ടർമാരുടെ ഓണറേറിയം വർധിപ്പിക്കുന്നത് സംബന്ധിച്ച് വകുപ്പ് പരിശോധിച്ച് വരികയാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ വീട് റിപ്പയർ ചെയ്യാനുള്ള വ്യവസ്ഥയുണ്ട്. എന്നാൽ പുതിയ വീട് നിർമ്മിക്കാനുള്ള വ്യവസ്ഥയില്ല. അതുകൊണ്ട് വീട് നിർമ്മാണംകൂടി പദ്ധതിയുടെ ഭാഗമാക്കാൻ കഴിയുമോ; അത് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. ഒ. ആർ. കേളു: സർ, ലൈഫ് ഭവന പദ്ധതിയുടെ കീഴിലാണ് സംസ്ഥാനത്തൊട്ടാകെ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ജനറൽ, എസ്.സി./എസ്.ടി. തുടങ്ങി എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കുമായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. അംബേദ്കർ ഭവന പദ്ധതിയിൻകീഴിൽ പ്രത്യേകമായി വീട് അനുവദിക്കുന്നില്ല. പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട് കുറച്ച് കുടുംബങ്ങളെ പ്രത്യേകമായി ഒരു സ്ഥലത്തേക്ക് മാറ്റി പാർപ്പിക്കുമ്പോൾ അത്തരം കുടുംബങ്ങൾക്ക് വീട് അനുവദിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, എസ്.സി. ഭവനങ്ങളുടെ എണ്ണം 25 തികയ്ക്കുന്നതിനുവേണ്ടി വേണ്ടി ക്ലസ്റ്റർ രൂപീകരിക്കാമെന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ചു. രണ്ടോ മൂന്നോ കോളനികൾ ഉൾപ്പെടുത്തുമ്പോഴായിരിക്കാം ഇത്രയും എണ്ണം തികയ്ക്കാൻ കഴിയുന്നത്. അങ്ങനെ വരുമ്പോൾ തുക അപര്യാപ്തമാകുമെന്ന സാഹര്യമുണ്ട്. എന്നാൽപോലും ഒരു മോണിറ്ററിങ് കമ്മിറ്റി അംഗീകരിച്ചാൽ, അനിവാര്യമായി നവീകരിക്കേണ്ട പട്ടികജാതി ഭവനങ്ങളുള്ള കോളനികളെക്കൂടി ഉൾപ്പെടുത്തുന്ന നിലയിൽ ഈ പദ്ധതിയെ വിഭാവനം ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, അത് ഞാൻ ഇവിടെ സൂചിപ്പിച്ചതാണ്. മുമ്പ് 25 കുടുംബങ്ങൾ വേണമെന്നാണ് നിഷ്കർഷിച്ചിരുന്നത്. പക്ഷേ, അതിനെ കുറച്ചുകൂടി ലഘൂകരിച്ചാണ് ഇപ്പോൾ 15 കുടുംബങ്ങൾ എന്നാക്കിയിട്ടുള്ളത്. കുടുംബങ്ങളുടെ എണ്ണം അതിലും കുറവാണെങ്കിൽ തൊട്ടടുത്തുള്ള ഇത്തരം നഗറുകളെ കൂട്ടിച്ചേർത്ത് ക്ലസ്റ്റർ ആയിട്ടും ഈ പദ്ധതി നടപ്പാക്കാം. അതിനുപുറമെ, ഇത്തരം നഗറുകളിലെ കുടുംബങ്ങളുടെ എണ്ണം 10-ൽ താഴെയാണെങ്കിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി ഒരു പുതിയ

പദ്ധതികൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അത്തരം പദ്ധതിയിൽ അവരെക്കൂടി ഉൾപ്പെടുത്താവുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, "പത്ത് അഭ്യസ്തവിദ്യരെ കണ്ട് മരിക്കണം" എന്നുള്ള മഹാനായ അയ്യങ്കാളിയുടെ സ്വപ്നം യാഥാർത്ഥ്യമാക്കിക്കൊണ്ട് പട്ടികജാതി സമൂഹത്തെ ഉന്നതിയിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി വിവിധ മണ്ഡലങ്ങളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന അംബേദ്കർ ഗ്രാമ പദ്ധതിയുടെ വിശദാംശങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്നാൽ പദ്ധതിയിലെ ഓരോ ഇനവും തിരിച്ച് പരിശോധിക്കുമ്പോൾ ഓരോന്നിനും മതിയാകുന്ന തുക ലഭിക്കുന്നില്ല എന്ന യാഥാർത്ഥ്യം മുന്നിലുണ്ട്. പ്രത്യേകിച്ച് വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് അനുവദിക്കപ്പെടുന്ന തുക തികയാതെ വരുന്ന സ്ഥിതിവിശേഷമുണ്ട്. മാറിയ സാഹചര്യത്തിൽ വീട് മെയിന്റനൻസിനുള്ള തുക വർധിപ്പിക്കാനാവശ്യമായ നടപടി എടുക്കുമോ?

ശ്രീ. ഒ. ആർ. കേളു: വീട് മെയിന്റനൻസിന് എസ്.സി. വിഭാഗത്തിന് പരമാവധി രണ്ട് ലക്ഷം രൂപവരെയും എസ്.റ്റി. വിഭാഗത്തിന് രണ്ടര ലക്ഷം

രൂപയുമാണ് നിലവിൽ അനുവദിച്ചുവരുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രദ്ധയിൽപ്പെടുത്തിയ കാര്യങ്ങൾ പരിശോധിക്കാം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെടുന്ന ആളുകൾ ഏറ്റവും കൂടുതൽ അഭിമുഖീകരിക്കുന്നത് ചികിത്സയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. സർക്കാർ ആശുപത്രികളിൽ ചികിത്സ സൗജന്യമാണ്. സ്വകാര്യ ആശുപത്രികളിൽ പട്ടികജാതി പട്ടികവർഗ വിഭാഗത്തിന് സൗജന്യമായി ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വികരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, നിലവിൽ വകുപ്പ് തന്നെ ഒരു പ്രത്യേക ചികിത്സാ ധനസഹായ പദ്ധതി നടപ്പാക്കുന്നുണ്ട്. കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതിയും നടപ്പാക്കിവരികയാണ്. ടി രണ്ട് പദ്ധതിയിലും എസ്.സി/എസ്.റ്റി. വിഭാഗക്കാർക്ക് അപേക്ഷിക്കാൻ സാധിക്കും. ചികിത്സയുടെ ഡോക്യുമെന്റ്സും ഡോക്ടറുടെ സർട്ടിഫിക്കറ്റും മറ്റു കാര്യങ്ങളും ലഭ്യമാക്കുന്ന മുറയ്ക്ക് ടി പദ്ധതികൾ മുഖാന്തരം സഹായം അനുവദിക്കുന്നതാണ്. സ്വകാര്യ ആശുപത്രികളിൽ ടി വിഭാഗക്കാർക്ക്

സൗജന്യമായി ചികിത്സ നിലവിൽ നൽകുന്നില്ല.

<u>ശ്രീ. കെ. വി. സുമേഷ്</u>: പട്ടികജാതി നഗറുകളുടെ സമഗ്ര വികസനത്തിനായുള്ള അംബേദ്കർ ഗ്രാമം പദ്ധതി വളരെ പ്രാധാന്യമുള്ള ഒന്നാണ്. ടി പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുന്നതിനായി ഫലപ്രദമായ മോണിറ്ററിങ് ഏർപ്പെടുത്തുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: അത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജില്ലാതല അവലോകന മീറ്റിങ് നടത്തിയെങ്കിലും പ്രതീക്ഷിച്ച രീതിയിലുള്ള പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. എങ്കിലും എം.എൽ.എ.-മാർ ആവശ്യപ്പെടുന്ന മുറയ്ക്ക് അതത് മണ്ഡലത്തിന്റെ റിവ്യൂ മീറ്റിങ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽതന്നെ വിളിച്ചുചേർത്ത് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്ത് പദ്ധതി കാര്യക്ഷമമാക്കുന്ന രീതി ഇപ്പോൾ അവലംബിച്ചുവരുന്നുണ്ട്. കൂടാതെ, അതത് മണ്ഡലത്തിലെ എം.എൽ.എ.-മാർക്ക് മണ്ഡല തലത്തിൽ മോണിറ്ററിങ് കമ്മിറ്റിയുണ്ട്. അവിടെയും ഇത്തരം യോഗങ്ങൾ വിളിച്ചുചേർത്ത് കാര്യങ്ങൾ റിവ്യൂ

ചെയ്യാവുന്നതാണ്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, പട്ടികജാതി നഗറുകളുടെ സമഗ്ര വികസനത്തിന് പ്രമോട്ടർമാരുടെ സേവനം വളരെ അത്യാവശ്യമാണ്. അവർക്ക് ഓണറേറിയമായി നൽകിവരുന്ന 7500 രൂപ വർഷങ്ങൾക്കുമുമ്പ് തീരുമാനിച്ചതാണ്. അത് പുതുക്കാനുള്ള ആലോചനയുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ സർക്കാരിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് ഇക്കാര്യം തീരുമാനിക്കുമോ; അല്ലെങ്കിൽ അത് അനിശ്ചിതമായി നീണ്ടുപോകുമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: ഇക്കാര്യം നേരത്തെ ഞാൻ ഇവിടെ സൂചിപ്പിച്ചിരുന്നു. ഞാനത് കാര്യമായിട്ട് പറഞ്ഞതുതന്നെയാണ്. എസ്.സി./എസ്.റ്റി. പ്രമോട്ടർമാരുടെ ഓണറേറിയം കാലാനുസൃതമായി പരിഷ്കരിക്കണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ പരിശോധിച്ചുവരുന്നുണ്ട്. ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽത്തന്നെ അത്തരം കാര്യങ്ങൾ പൂർത്തീകരിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

## പട്ടികവർഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലി

2 (*62) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന പട്ടികവർഗ വികസന വകുപ്പിന്റെ പ്രവർത്തനം പട്ടികവർഗ വിഭാഗത്തിന്റെ സർവതോന്മുഖമായ വികസനത്തിന് സഹായകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആധുനിക കാലത്തിന്റെയും പുത്തൻ സാങ്കേതികവിദ്യയുടെയും വെല്ലുവിളികളെ ഏറ്റെടുത്തുകൊണ്ട് കരുത്തുറ്റ സമൂഹമായി പട്ടികവർഗ യുവജനതയെ മാറ്റുന്നതിന് വകുപ്പിന്റെ ചിട്ടയായ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വിവിധ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം സമയബന്ധിതമായി ലഭിക്കുന്നതിന് പട്ടികവർഗ വികസന വകുപ്പിന്റെ ആധുനികവൽക്കരണം സഹായകമായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പട്ടികവർഗ വികസന വകുപ്പിന്റെ ഭാവി ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ,

(എ) പട്ടികവർഗ വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ പട്ടികവർഗ വിഭാഗത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലും ആരോഗ്യ-സാമൂഹിക-സാമ്പത്തിക ഉന്നമനം സാധ്യമാക്കുന്നതിനും കഴിഞ്ഞ 50 വർഷം കൊണ്ട് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ബി) ആധുനിക കാലത്തിന്റെ പുത്തൻ സാങ്കേതികവിദ്യയുടെ വെല്ലുവിളികളെ ഏറ്റെടുത്തുകൊണ്ട് പട്ടികവർഗ യുവജനതയെ ഒരു കരുത്തുറ്റ

+ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്

സമൂഹമാക്കി മാറ്റുന്നതിൽ പട്ടികവർഗ വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

സാങ്കേതിക വിദ്യയുടെ വേഗതയോടൊപ്പം സഞ്ചരിക്കാനും അതിനെ അവരുടെ ഉന്നമനത്തിനായി ഉപയോഗിക്കാനും യുവജനങ്ങളെ പ്രാപ്തരാക്കുവാനും ചുവടെ പറയുന്ന പ്രവർത്തനങ്ങളിലൂടെ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(സി) വിവിധ പദ്ധതികളുടെ നേട്ടങ്ങൾ ഗുണഭോക്താക്കൾക്ക് കൂടുതൽ വേഗത്തിലും കാര്യക്ഷമമായും നേരിട്ട് എത്തിക്കാൻ പട്ടികവർഗ വികസന വകുപ്പിന്റെ ആധുനികവൽക്കരണം സഹായകമായിട്ടുണ്ട്.

സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിന്റെ ആസ്ഥാന കാര്യാലയം മുതൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് വരെയുള്ള സ്ഥാപനങ്ങൾ ഇ-ഓഫീസ് സംവിധാനത്തിന്റെ പരിധിയിൽ

---

\+ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്

കൊണ്ടുവന്നിട്ടുണ്ട്. ഇതിലൂടെ വകുപ്പിന്റെ പ്രവർത്തനങ്ങളെ കൂടുതൽ സുതാര്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) പട്ടികവർഗ വികസന വകുപ്പ് രൂപീകരിച്ച് 50 വർഷം പൂർത്തിയാകുന്ന ഈ വർഷം പട്ടികവർഗ വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായി ഇക്കാലയളവിൽ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളും സംരംഭങ്ങളും വകുപ്പിന്റെ നേട്ടങ്ങളും പ്രവർത്തനങ്ങളും അവലോകനം ചെയ്യും.

സുവർണ്ണ ജൂബിലിയുടെ ഭാഗമായി രൂപീകരിച്ച ടാസ്ക് ഫോഴ്സ് ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ തലത്തിൽ പരിശോധിച്ച് പട്ടികവർഗ ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും. ആയതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, പട്ടികവർഗ വികസന വകുപ്പിന്റെ ജൂബിലി വർഷമാണ് ഇതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ ജൂബിലി വർഷത്തിൽ സാമൂഹ്യ

+ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്

പഠനമുറികൾക്ക് പുറമെ വിദ്യാർഥികൾക്ക് വീട്ടിൽത്തന്നെ മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിനായി പ്രഖ്യാപിച്ച സ്മാർട്ട് പഠന മുറികളിൽ എന്തെല്ലാം സൗകര്യങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്; പ്രതിവർഷം എത്ര വിദ്യാർഥികൾക്ക് ഇതിന്റെ ഗുണം ലഭിക്കും?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, സാധാരണരീതിയിലുള്ള പഠനമുറിയാണ് മുമ്പ് നടപ്പാക്കിക്കൊണ്ടിരുന്നത്. പട്ടികവർഗ വകുപ്പിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് കുറച്ചുകൂടി മെച്ചപ്പെട്ട രീതിയിൽ ഇന്റർനെറ്റ് കണക്ഷനുകളുൾപ്പെടെയുള്ള സൗകര്യമേർപ്പെടുത്തിക്കൊണ്ട് വീടുകളിൽ പഠനമുറിയൊരുക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കാനുദ്ദേശിക്കുന്നത്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, പട്ടികവർഗ വിദ്യാർഥികളുടെ സമ്പൂർണ എൻറോൾമെന്റ് ഉറപ്പാക്കാനും കൊഴിഞ്ഞുപോക്ക് തടയാനും എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, പട്ടികവർഗ വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുവേണ്ടി ധാരാളം പദ്ധതികൾ

നടപ്പാക്കുന്നുണ്ട്. ഇത്തരം കാര്യങ്ങൾക്ക് ട്രൈബൽ പ്രൊമോട്ടർമാരെയും മെന്റർ ടീച്ചർമാരെയും കാര്യക്ഷമമായി വിനിയോഗിക്കുന്നുണ്ട്. റിമോട്ട് ഏരിയയിൽനിന്നും സ്കൂളിലേയ്ക്ക് എത്താൻ സാധിക്കാത്ത കുട്ടികളെ നിർബന്ധമായും എത്തിക്കുന്നതിനുവേണ്ടി 'വിദ്യാവാഹിനി' പദ്ധതി ഉപയോഗപ്പെടുത്തുന്നുണ്ട്. ഈ വിഭാഗം കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുവേണ്ടി ജില്ലാ തലത്തിൽ റിവ്യൂ നടത്തി വരികയാണ്. ഉന്നതികളിൽ ഭക്ഷണത്തിന്റേയോ പോഷകാഹാരത്തിന്റേയോ കുറവുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി പോഷകാഹാര വിതരണ പദ്ധതിയും വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ഇത്തരം കാര്യങ്ങൾ സംയോജിപ്പിച്ചുകൊണ്ടാണ് കുട്ടികളെ നിർബന്ധമായും സ്കൂളിൽ എത്തിക്കുന്നതിനുള്ള കാര്യങ്ങൾ ചെയ്യുന്നത്. ഇതിനുപുറമെ ലോക്കൽ ബോഡി/എൽ.എസ്.ജി.ഡി. മുഖേന കുട്ടികൾക്ക് പ്രഭാതഭക്ഷണ പരിപാടിയും സ്കൂളുകളിൽ ക്രമീകരിച്ച് നടപ്പാക്കുന്നുണ്ട്.

ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീമതി സി. കെ. ആശ): സർ, കഴിഞ്ഞ 50 വർഷമായി സംസ്ഥാനത്തെ

പട്ടികവിഭാഗത്തിൽപെടുന്നവരെ സാമൂഹിക, സാമ്പത്തിക, ആരോഗ്യ മേഖയിലെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് വകുപ്പ് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇതുസംബന്ധിച്ച മോണിറ്ററിങ് ഡിപ്പാർട്ട്മെന്റ് തലത്തിൽ നടത്തി വരുന്നുണ്ടോ, സുവർണ്ണ ജൂബിലി വർഷത്തിൽ അഭ്യസ്തവിദ്യരായ പട്ടികവർഗ വിഭാഗത്തിലെ യുവതീ-യുവാക്കളെ ഒരേ സമയം തൊഴിൽ സംരംഭകരും തൊഴിൽദാതാക്കളുമാക്കുന്നതിനുവേണ്ടി വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ആദ്യത്തെ ചോദ്യത്തിന് നേരത്തെ മറുപടി പറഞ്ഞിരുന്നു. സുവർണ്ണജൂബിലിയോട് അനുബന്ധിച്ച് പട്ടികവർഗ വിഭാഗങ്ങളിലെ യുവതീ-യുവാക്കളെയാണ് വകുപ്പ് പ്രത്യേകമായി ലക്ഷ്യം വച്ചിട്ടുള്ളത്. പുതിയ ടെക്നോളജിയും ശാസ്ത്രവിദ്യയും ഉപയോഗിച്ച് പുതിയ തലമുറയ്ക്ക് ഏറ്റവും മികച്ച രീതിയിലുള്ള സ്കിൽ ട്രെയിനിങ് നൽകി പ്ലേസ്മെന്റ് ലഭ്യമാക്കുന്നതിനുള്ള നടപടിയുടെ ഉദ്ഘാടനം കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി

നിർവഹിക്കുകയുണ്ടായി. എസ്.സി. വിഭാഗത്തിന് ഏവിയേഷൻ/ ഡിജിറ്റൽ കോഴ്സ് ഉൾപ്പെടെ എല്ലാ തരത്തിലുമുള്ള ആധുനിക കോഴ്സുകളും ലഭ്യമാക്കി വരുന്നുണ്ട്. സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള ഐ.ടി.ഐ.കളിൽ ആധുനിക കാലഘട്ടത്തിലെ ശാസ്ത്രവിദ്യ പ്രയോജനപ്പെടുത്തി പുതിയ ട്രേഡുകൾ കൊണ്ടുവന്ന് ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനുവേണ്ടിയുള്ള നടപടി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, പട്ടികവർഗ സമുദായത്തിലെ കുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസം ഉറപ്പാക്കാൻ സർക്കാർ നടപ്പാക്കിയിട്ടുള്ള ഗോത്രബന്ധു പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഭാഷാ പ്രാവീണ്യത്തിന്റെ കുറവുമൂലം സ്കൂളിലെത്തുന്ന കുട്ടികൾക്ക് ചില അജ്ഞത നിലനിൽക്കുന്ന സാഹചര്യത്തിൽ അവരുടേതായ ഭാഷയിൽ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തി ക്ലാസ്സിലെത്തിക്കുന്നതിനും കുട്ടികളുടെ കൊഴിഞ്ഞുപോക്ക്

തടയുന്നതിനുംവേണ്ടിയാണ് 'ഗോത്രബന്ധു പദ്ധതി' നടപ്പാക്കിയിട്ടുള്ളത്. അതുപ്രകാരം വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ മെന്റർ ടീച്ചർമാരെ നിയമിച്ച് ഈ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. സി. സി. മുകുന്ദൻ: സർ, പട്ടികവർഗ കുടുംബങ്ങളുടെ ക്ഷേമം ഉറപ്പുവരുത്താൻ സർക്കാർ പുതിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമായ വിവരങ്ങൾ ലഭ്യക്കാമോ?

ശ്രീ. ഒ. ആർ. കേളു: സുവർണ്ണ ജൂബിലിയുടെ ഭാഗമായി കഴിഞ്ഞ 50 വർഷക്കാലത്തെ പുരോഗതി വിലയിരുത്തി, അതിന്റെ നേട്ടങ്ങളും കോട്ടങ്ങളും പരിശോധനയ്ക്ക് വിധേയമാക്കി ഈ വിഭാഗത്തിന് വികസനം, വിദ്യാഭ്യാസം ആരോഗ്യം തുടങ്ങിയ കാര്യങ്ങൾ ആധുനിക കാലത്ത് എങ്ങനെ വേണമെന്നത് സംബന്ധിച്ച ചർച്ചകൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ സാമ്പത്തികവർഷം മാർച്ച് അവസാനത്തോടുകൂടി ദേശീയ/സംസ്ഥാന തലത്തിലെ പ്രഗത്ഭരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു കോൺക്ലേവ് നടത്തി ഈ വിഭാഗത്തിന് പുതിയ കാലഘട്ടത്തിനനുസൃതമായ ദിശാബോധം നൽകാനാണ് വകുപ്പ്

ആലോചിക്കുന്നത്.

<u>ശ്രീ. സണ്ണി ജോസഫ്</u>: കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പട്ടികവർഗ പുനരധിവാസ മേഖലയാണ് ആറളം. അവിടത്തെ ജനവിഭാഗങ്ങൾ അനുഭവിക്കുന്ന നിരവധി പ്രശ്നങ്ങൾ സംബന്ധിച്ച് പല തവണ സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുള്ളതാണ്. അവിടെ വന്യമൃഗശല്യമുണ്ടാകാതിരിക്കാൻ വേണ്ടിയുള്ള ആന മതിലിന്റെ നിർമ്മാണം ഇപ്പോൾ നിലച്ച സ്ഥിതിയാണ്. അതുപോലെ കുടിവെള്ളം ലഭിക്കാത്ത പ്രശ്നങ്ങളുമുണ്ട്. പല കെട്ടിടങ്ങൾ പണിതെങ്കിലും അത് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല. കൂടാതെ അർഹതപ്പെട്ടവർക്ക് ഭൂമി വിതരണം ചെയ്യാനും യാത്രാ സൗകര്യങ്ങൾ വർധിപ്പിക്കാനും നടപടിയെടുക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്?

<u>ശ്രീ. ഒ. ആർ. കേളു</u>: ആന മതിൽ പണിയുന്ന വിഷയം നേരത്തെ ഒരു കരാറുകാരനെ ഏൽപ്പിച്ചിരുന്നു. രണ്ടുമൂന്ന് തവണ സമയം നീട്ടി നൽകിയെങ്കിലും സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ

ആ കരാറുകാരനെ ടെർമിനേറ്റ് ചെയ്ത് വർക്ക് റീ-ടെൻഡർ ചെയ്ത് പൂർത്തീകരിക്കാനുള്ള നടപടിയാണ് നിലവിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. രണ്ടാമത് പറഞ്ഞ കാര്യം, ആറളം ഫാമിൽ ഒരേക്കർ ഭൂമി വീതം നൽകിയിരുന്നു. എന്നാൽ ഭൂമി ലഭിച്ച കുറച്ച് കുടുംബങ്ങൾ അവിടെ താമസിക്കുന്നില്ല എന്നുള്ളത് വസ്തുതയാണ്. താമസിക്കാത്ത കുടുംബങ്ങളുടെ ഭൂമി സംബന്ധിച്ച കണക്ക് ഇപ്പോൾ വകുപ്പ് ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. കണക്ക് ലഭ്യമായതിനുശേഷം ആ ഭൂമി അവർക്ക് തന്നെ നൽകണമോ അവർ ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ ഭൂമിയില്ലാത്തവർക്ക് നൽകണമോയെന്നുമുള്ള കാര്യങ്ങൾ വകുപ്പ് പരിശോധിക്കുന്നതായിരിക്കും. ആറളം ഫാമിൽ നിർമ്മിച്ചിട്ടുള്ള മിൽക്ക് സൊസൈറ്റി, കൃഷി ഭവൻ, അങ്കണവാടി, സ്കൂളുകൾ, കെട്ടിടങ്ങൾ തുടങ്ങിയ കെട്ടിടങ്ങൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് യോഗം ചേരുകയും അതത് വകുപ്പിനുവേണ്ടി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ അവർതന്നെ ഏറ്റെടുക്കണമെന്ന് വകുപ്പ് മേധാവികൾക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: പട്ടികവർഗത്തിൽപ്പെട്ട ജനവിഭാഗത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ ലഭ്യമാക്കാനുമായി ആലപ്പുഴ ജില്ലയിൽ നടപ്പാക്കിയിട്ടുള്ള പദ്ധതിയാണ് പി. കെ. കാളൻ പദ്ധതി. കുടുംബശ്രീയെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിക്കൊണ്ടാണ് സംസ്ഥാനത്ത് പദ്ധതി നടപ്പാക്കിയത്. വളരെ വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞ ഈ പദ്ധതി കേരളത്തിലാകെ വ്യാപിപ്പിക്കാൻ കഴിഞ്ഞാൽ പട്ടികവർഗത്തിൽപ്പെട്ട അവശേഷിക്കുന്നവർക്കും അവസരങ്ങൾ ലഭ്യമാകും. അതേക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. ഒ. ആർ. കേളു: ഇത് കഴിഞ്ഞ ഗവൺമെന്റ് നടപ്പാക്കിയിട്ടുള്ള ഒരു പദ്ധതിയാണ്. ആലപ്പുഴ ജില്ലയിൽ വളരെ ശോചനീയമായി നിലനിൽക്കുന്ന കുടുംബങ്ങളെ കണ്ടെത്തി അവർ നേരിടുന്ന വിഷയങ്ങൾ എന്താണെന്ന് മനസ്സിലാക്കി ഒരു മൈക്രോപ്ലാൻ തയ്യാറാക്കി അത്തരം കാര്യങ്ങൾ പരിഹരിക്കാനുള്ള പദ്ധതിയാണ് പി. കെ. കാളൻ പദ്ധതി. പ്രസ്തുത പദ്ധതി ജില്ലാടിസ്ഥാനത്തിൽ നടപ്പാക്കാൻ കഴിയുമോയെന്ന കാര്യം

വകുപ്പുതലത്തിൽ പരിശോധിക്കാം.

മി. സ്പീക്കർ: ശ്രീമതി ഉമാ തോമസ് വളരെ ഗുരുതരമായി പരിക്കുപറ്റിയ അവസ്ഥയിൽനിന്നും പൂർണ്ണ ആരോഗ്യവതിയായി ഈ സെഷൻ മുതൽ സഭയിൽ വന്നിരിക്കുകയാണ്. ആ സന്തോഷം സഭ പങ്കുവയ്ക്കുകയാണ്.

ശ്രീമതി ഉമാ തോമസ്: പട്ടികവർഗ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ വിദ്യാഭ്യാസ പുരോഗതിയിലൂടെ മാത്രമേ സാധിക്കൂ. ഉന്നത വിദ്യാഭ്യാസത്തിനായി എത്തുന്നവരിൽ ഭൂരിഭാഗവും സർക്കാരിന്റെ ഇ-ഗ്രാന്റ്സ് മുഖാന്തരം പഠനം നടത്തുന്നവരാണ്. എന്നാൽ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് യഥാസമയം വിതരണം ചെയ്യാത്തതിനാൽ പല കുട്ടികളും മാനസികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെന്നും വിഷമത്തോടുകൂടി പഠനം തുടരുന്നുണ്ടെന്നുമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഗ്രാന്റ് യഥാസമയം കൃത്യമായി നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഇക്കാര്യം ശ്രദ്ധയിൽപ്പെടുകയും അത് പരിഹരിക്കുന്നതിനുവേണ്ടി വകുപ്പ് ശക്തമായ ഇടപെടൽ നടത്തുകയും ചെയ്തിരുന്നു. മുഴുവൻ കുട്ടികളുടെയും 2024-25 സാമ്പത്തിക വർഷത്തെ

ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്കോളർഷിപ്പ് എന്നിവ കൊടുത്തുതീർക്കാൻ സാധിച്ചു. ബജറ്റിനുപുറമേ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 300 കോടി രൂപ കൂടി അധികം ലഭ്യമാക്കിയതുകൊണ്ടാണ് ഇത് സാധിച്ചത്. 2025-2026 സാമ്പത്തിക വർഷത്തെ ഗ്രാന്റ് വിതരണം ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. രണ്ട് മാസം കൂടുമ്പോഴെങ്കിലും കുട്ടികൾക്ക് ഗ്രാന്റ് നൽകണമെന്ന കർശനനിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ വിതരണം ത്വരിതപ്പെടുത്തിയിട്ടുണ്ട്. സ്ഥാപന മേധാവികൾക്കാണ് നേരത്തെ ഗ്രാന്റ് നൽകിക്കൊണ്ടിരുന്നത്. അതിൽ ചില പ്രശ്നങ്ങൾ നേരിട്ടതിനാൽ ആ രീതി നിർത്തി കുട്ടികളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ടാണ് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്. കൃത്യസമയത്ത് അപേക്ഷ ലഭ്യമാക്കാത്ത വിഷയങ്ങൾ ഇപ്പോഴുമുണ്ട്. സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ ഗ്രാന്റിനുള്ള അപേക്ഷ സമയബന്ധിതമായി സമർപ്പിക്കേണ്ടത് അതത് സ്കൂളിലെ ഹെഡ്മാസ്റ്റർമാരാണ്. ഏകദേശം എഴുന്നൂറോളം സ്കൂളുകളിലെ പ്രധാനാധ്യാപകർ ഇക്കാര്യത്തിൽ കൃത്യവിലോപം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിതിനെത്തുടർന്ന് കർശന നിർദേശം

നൽകിയിട്ടുണ്ട്. ഹെഡ്മാസ്റ്റർ മുഖേന ഗ്രാന്റ് വാങ്ങുന്ന കുട്ടികളുടെ റിപ്പോർട്ട് സമയബന്ധിതമായി വകുപ്പിന് ലഭ്യമാക്കണമെന്ന കർശന നിർദേശവും സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. എസ്.സി/എസ്.ടി. വിഭാഗത്തിന്റെ ഗ്രാന്റ് അവർക്ക് കൃത്യമായി കിട്ടേണ്ടതാണ്. ബഹു. എം.എൽ.എ. പറഞ്ഞതുപോലെയുള്ള ചില വിഷയങ്ങൾ നിലനിൽക്കുന്നുവെന്നുള്ളത് വസ്തുതയാണ്. ആ കാര്യങ്ങളിൽ കർശനമായി ഇടപെടുന്നുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ (ഇ.എം.ആർ.എസ്.) നമ്മുടെ സംസ്ഥാനത്ത് നാല് ജില്ലകളിലാണുള്ളത്. അതിലൊന്ന് കാസർഗോഡ് ജില്ലയിൽ എന്റെ നിയോജകമണ്ഡലത്തിലാണ്. ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ നേരിടുന്ന ഒരു പ്രശ്നം സംബന്ധിച്ച് അവിടത്തെ പി.ടി.എ. പ്രസിഡന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും വകുപ്പുമന്ത്രിക്കും അയച്ച കത്തിന്റെ കോപ്പി എനിക്കും ലഭ്യമാക്കിയിരുന്നു. ഇപ്പോൾ സർക്കാരിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന monthly mess allowance മൂവായിരം രൂപയാണ്. ഈ തുകയിൽ കുറവുവരുത്താൻ കേന്ദ്ര സർക്കാരിൽനിന്ന് എന്തെങ്കിലും

നിർദേശം ലഭിച്ചിട്ടുണ്ടോ?

ശ്രീ. ഒ. ആർ. കേളു: സർ, കേന്ദ്ര സർക്കാർകൂടി ഇടപെട്ട് മുന്നോട്ടുകൊണ്ടുപോകുന്ന ഇ.എം.ആർ.എസ്.-ന്റെ പ്രവർത്തനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് നടത്തേണ്ടത്. കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭ്യമാകുന്ന കാര്യത്തിലും സംസ്ഥാനത്തെ സഹായിക്കുന്ന കാര്യത്തിലുമെല്ലാം ചില പോരായ്മകൾ നിലനിൽക്കുന്നതിനാൽ അതുമായി ബന്ധപ്പെട്ട് ചെറിയ വിഷയങ്ങൾ നേരിടുന്നുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച പരാതി എനിക്ക് ലഭിച്ചിരുന്നു. PM-AJAY (Pradhan Mantri Anusuchit Jaati Abhyuday Yojna) എന്ന പുതിയ പദ്ധതി പ്രകാരം ഫണ്ട് ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും വകുപ്പ് ആവശ്യമായ നടപടികളിലേയ്ക്ക് കടക്കുകയും ചെയ്തിട്ടുണ്ട്.

**ജൽ ജീവൻ പദ്ധതി**

3 (*63) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ളമെത്തിക്കാനുള്ള ജൽ ജീവൻ പദ്ധതിയിൽ ഇതിനോടകം എത്ര ശതമാനത്തോളം പണി പൂർത്തിയാക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്രം അനുവദിച്ച തുക സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിമൂലം ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ കരാറുകാർക്ക് കുടിശ്ശിക നൽകാനുള്ളത് പദ്ധതിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; കരാറുകാർക്ക് നൽകാനുള്ള കുടിശ്ശികത്തുക കണക്കാക്കിയിട്ടുണ്ടോയെന്നും ഇത് എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ,

(എ) എല്ലാ ഗ്രാമീണ വീടുകളിലും ടാപ്പ് വഴി ശുദ്ധജലം ലഭ്യമാക്കുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ

(JJM). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണിത്. മിഷൻ പിരീഡ് 2024 ആയി തുടക്കത്തിൽ നിശ്ചയിച്ചിരുന്നു. പിന്നീട് അത് 2025 വരെ ദീർഘിപ്പിക്കുകയും 2025-26-ലെ കേന്ദ്ര ബജറ്റിൽ കാലാവധി 2028 വരെ നീട്ടിയതായും പ്രഖ്യാപിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് 2020-ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%). JJM-ലൂടെ 54.45 ലക്ഷം കുടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 21.13 ലക്ഷം കണക്ഷനുകൾ നൽകി. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.62 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.31%).

വിവിധ സ്കീമുകളിലായി നാളിതുവരെ 5546 വർക്ക് പാക്കേജുകളായി നടപ്പാക്കിവരുന്ന പ്രവൃത്തികളിൽ 3214 പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കിക്കഴിഞ്ഞു. 1770 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ബാക്കി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ

പുരോഗമിച്ചുവരുന്നു.

പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾ സംസ്ഥാനത്ത് 3 ജില്ലകളിൽ മാത്രമാണ് 25 ശതമാനത്തിനുമുകളിൽ കുടിവെള്ള കണക്ഷൻ കവറേജ് ഉണ്ടായിരുന്നത് (ആലപ്പുഴ, എറണാകുളം, തൃശ്ശൂർ). ഇപ്പോൾ 7 ജില്ലകൾ 50 ശതമാനത്തിനുമുകളിൽ കവറേജ് കൈവരിച്ചു (കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ). 3 ജില്ലകൾ 45 ശതമാനത്തിനുമുകളിൽ കവറേജ് കൈവരിച്ചു (പത്തനംതിട്ട, കോട്ടയം, മലപ്പുറം). മറ്റ് ജില്ലകൾ 30 ശതമാനത്തിനുമുകളിൽ കവറേജ് കൈവരിച്ചു.

പദ്ധതി തുടങ്ങുമ്പോൾ ഒരു പഞ്ചായത്തിലും 100% കവറേജ് ഉണ്ടായിരുന്നില്ല. ഇപ്പോൾ 117 പഞ്ചായത്തുകൾ 100% കവറേജ് കൈവരിച്ചു. 403 പഞ്ചായത്തുകളിൽ 53 ശതമാനവും 9 നിയമസഭാ മണ്ഡലങ്ങളിൽ 100 ശതമാനവും കവറേജ് കൈവരിക്കാൻ കഴിഞ്ഞു (ധർമ്മടം, കല്ല്യാശ്ശേരി, കണ്ണൂർ, ബേപ്പൂർ, വൈപ്പിൻ, എറണാകുളം, കൊച്ചി, അരൂർ, വൈക്കം).

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഇതുവരെ നൽകിയ

കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ബി) ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഇതുവരെ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുള്ളത് 5610.30 കോടി രൂപയാണ്. സംസ്ഥാനം ഇതുവരെ 6033.29 കോടി രൂപ സംസ്ഥാന വിഹിതമായി നൽകിയിട്ടുണ്ട്, (ആകെ 11643.59 കോടി രൂപ). ഇതിൽ 11643.59 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ 500 കോടി രൂപ അധികമായി അനുവദിച്ചിട്ടുള്ളതാണ്. കേന്ദ്രം അനുവദിച്ച തുക സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിമൂലം ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥയുണ്ടായിട്ടില്ല.

കേന്ദ്ര സർക്കാർ അവസാനമായി കേന്ദ്ര വിഹിതം അനുവദിച്ചത് 2024 ഒക്ടോബർ മാസമാണ്. അതിനുശേഷം തത്തുല്യമായ സംസ്ഥാന വിഹിതം ലഭ്യമാക്കിയെങ്കിലും പിന്നീട് ഇതുവരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. എങ്കിലും 2024-25 സാമ്പത്തിക വർഷം സംസ്ഥാനം അധികമായി 500 കോടി രൂപ ജൽ ജീവൻ മിഷൻ പദ്ധതിക്ക് അഡ്വാൻസായി

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

നൽകിയിട്ടുണ്ട്.

കേന്ദ്ര സർക്കാർ 2025-26 യൂണിയൻ ബജറ്റിൽ ജൽ ജീവൻ മിഷൻ പദ്ധതി 2028 വരെ ദീർഘിപ്പിച്ചതായി പ്രഖ്യാപിച്ചെങ്കിലും ഇനിയും ഔദ്യോഗിക ഉത്തരവ് ആയിട്ടില്ല. ഈ സാമ്പത്തിക വർഷം ഇതുവരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. കരാറുകാർക്ക് പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ 2024 മാർച്ച് മുതൽ ആഗസ്റ്റ് വരെ 6039.24 കോടി രൂപയുടെ കുടിശ്ശിക നൽകാനുള്ളതിനാൽ സംസ്ഥാന സർക്കാർ അഡ്വാൻസായി പദ്ധതിക്ക് സംസ്ഥാന വിഹിതം നൽകി കരാറുകാരുടെ കുടിശ്ശിക തീർക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി നബാർഡിൽനിന്നും വായ്പയെടുക്കാൻ 09-09-2025-ലെ മന്ത്രിസഭാ യോഗം അംഗീകാരം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

(സി) ജൽ ജീവൻ മിഷൻ പദ്ധതിയിൽ നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 6039.24 കോടി രൂപ (5540 ബില്ലുകൾ - 2024 മാർച്ച് മുതൽ 2025 ആഗസ്റ്റ് വരെ) കുടിശ്ശിക നൽകാനുണ്ട്. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ

ബാധിച്ചിട്ടുണ്ട്. ഇത് തരണം ചെയ്യുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് നബാർഡിൽനിന്നും 9000 കോടി രൂപ വായ്പയെടുക്കാൻ തത്വത്തിൽ അനുമതി നൽകിക്കൊണ്ടും ആദ്യഘട്ടത്തിൽ 5000 കോടി രൂപ വായ്പയെടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകുന്നതിന് അനുമതി നൽകിക്കൊണ്ടും 15-09-2025-ലെ G.O.(Ms)No.67/2025/WRD നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: അംഗങ്ങൾ ചോദ്യങ്ങൾ ചുരുക്കി ചോദിച്ചാൽ കൂടുതൽ അംഗങ്ങൾക്ക് അവസരം നൽകാൻ കഴിയും.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, കേരളമാകെ ശുദ്ധജലം എത്തിക്കുന്നതിന് ജൽ ജീവൻ മിഷൻ പദ്ധതിയിലൂടെ അങ്ങ് നല്ല ശ്രമമാണ് നടത്തുന്നത്. പക്ഷേ സാമ്പത്തിക പ്രയാസംമൂലം പദ്ധതി എത്രത്തോളം പൂർത്തീകരിക്കാൻ കഴിയുമെന്ന കാര്യത്തിലുള്ള എന്റെ ആശങ്ക ഞാൻ പങ്കുവയ്ക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ വെബ്സൈറ്റിൽനിന്ന് ലഭ്യമാകുന്ന പ്ലാനിംഗ് ആൻഡ് എക്സ്പെൻഡിച്ചറിന്റെ രേഖ പരിശോധിച്ചാൽ കേരളവും കേന്ദ്രവും ഒരുപോലെ സമയബന്ധിതമായി നൽകേണ്ട ഫണ്ട്

നൽകാത്തതുമൂലം വലിയ തുക നഷ്ടപ്പെടുന്നതായി കാണാം. 2019 മുതലുള്ള കണക്ക് എന്റെ കൈവശമുണ്ട്. കേന്ദ്രം 1804 കോടി രൂപ വകയിരുത്തിയതിൽ 1353 കോടി രൂപ അനുവദിച്ചു. സംസ്ഥാന സർക്കാർ സമയബന്ധിതമായി വിഹിതം അനുവദിക്കാത്തതിനാൽ 451 കോടി രൂപ നഷ്ടമായെന്നാണ് അതിൽ സൂചിപ്പിച്ചിരിക്കുന്നത്. എല്ലാ വർഷത്തെയും കണക്ക് ഞാൻ വായിക്കുന്നില്ല. 2023-24 സാമ്പത്തിക വർഷത്തിൽ ഏകദേശം 671 കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ ഏകദേശം 975 കോടി രൂപയുമാണ് ഇത്തരത്തിൽ നഷ്ടപ്പെട്ടത്. സംസ്ഥാന സർക്കാർ വിഹിതം സമയബന്ധിതമായി നൽകാത്തതിനാലാണ് ഇങ്ങനെ സംഭവിച്ചത്. 2019 മുതൽ ആകെ 2345 കോടി രൂപയാണ് നഷ്ടപ്പെട്ടത്. ജൽ ജീവൻ മിഷൻ പദ്ധതി ആരംഭിച്ചത് 2019-ലാണ്. കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതം യഥാസമയം നൽകാത്തതിനാലാണ് 2345 കോടി രൂപ നഷ്ടമായത്. 2022-23 സാമ്പത്തിക വർഷം വകയിരുത്തിയതുപോലെ കേന്ദ്ര വിഹിതം അനുവദിക്കുന്നമുറയ്ക്ക് യഥാസമയം സംസ്ഥാന വിഹിതം

അനുവദിച്ചിരുന്നുവെങ്കിൽ ഈ സംഖ്യ നഷ്ടപ്പെടില്ലായിരുന്നു.

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്..... ഒന്നര മിനിറ്റായി. ചോദ്യത്തോട് നീതി പുലർത്തേണ്ടതല്ലേ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, അങ്ങുതന്നെ നൽകിയ മറുപടിയനുസരിച്ച് പതിനേഴായിരം കോടി രൂപ പദ്ധതി പൂർത്തീകരിക്കാനായി ആവശ്യമാണ്. ഈ തുകയും കരാറുകാർക്ക് നൽകാനുള്ള കുടിശ്ശികയുമുൾപ്പെടെ നൽകി എങ്ങനെയാണ് പദ്ധതി പൂർത്തീകരിക്കാൻ കഴിയുന്നത്; ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇതുസംബന്ധിച്ച് യാതൊരുവിധ ആശങ്കയും ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. കേന്ദ്ര വിഹിതം അനുസരിച്ചുള്ള സംസ്ഥാന വിഹിതം നൽകിയിട്ടുണ്ട്. ഇപ്പോഴത്തെ അവസ്ഥയെന്താണ്? 500 കോടി രൂപകൂടി സംസ്ഥാനം അഡ്വാൻസായി നൽകിയിരിക്കുകയാണ്. ഒരു വർഷമായി കേന്ദ്ര സർക്കാർ വിഹിതം ലഭിക്കുന്നില്ല. മിഷൻ പിരീഡ് 2028 വരെ ദീർഘിപ്പിച്ചുവെന്ന് പറയുന്നുണ്ടെങ്കിലും തുടർ

നടപടികളൊന്നുമായിട്ടില്ല. എങ്കിലും സംസ്ഥാനത്ത് കരാറുകാർക്ക് നൽകേണ്ട കുടിശ്ശിക തുകയുൾപ്പെടെ കൊടുത്തുതീർത്ത് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കണമെന്നുള്ള ഉദ്ദേശ്യത്തിലാണ് വായ്പയെടുക്കാൻ തീരുമാനിച്ചത്. അതിനായി ഗവൺമെന്റ് അനുമതി നൽകുകയും തുടർ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. കരാറുകാരുടെ കുടിശ്ശിക തുകകൂടി നൽകിക്കഴിയുമ്പോൾ ഉദ്ദേശിച്ചതിനേക്കാൾ വേഗത്തിൽ പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കും. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ മണ്ഡലത്തിൽ പ്രവൃത്തികൾ നല്ല നിലയിൽത്തന്നെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അവിടെ ഞാൻ ഈയടുത്ത കാലത്ത് സന്ദർശനം നടത്തിയിരുന്നു. ആകെയുള്ള 44025 വീടുകളിൽ, ജൽ ജീവൻ മിഷൻ പദ്ധതി ആരംഭിക്കുന്നതിനുമുമ്പ് 7939 വീടുകളിലാണ് കുടിവെള്ള കണക്ഷനുണ്ടായിരുന്നത് (18.5%). ജൽ ജീവൻ മിഷൻ പദ്ധതി ആരംഭിച്ചതിനുശേഷം 18911 വീടുകളിൽ കുടിവെള്ള കണക്ഷൻ നൽകി. അങ്ങനെ നിലവിൽ ആകെ 26900 കണക്ഷൻ നൽകിയിട്ടുണ്ട്. അങ്ങയുടെ നിയോജകമണ്ഡലത്തിൽ 18.5 ശതമാനമായിരുന്ന കുടിവെള്ള കണക്ഷൻ

ഇപ്പോൾ 62 ശതമാനമായി ഉയർന്നിട്ടുണ്ട്. ഇതാണ് നിലവിലെ സ്ഥിതി. ഇത്തരം കാര്യങ്ങളിൽ കൂട്ടായ പരിശ്രമമാണ് ആവശ്യം. എം.എൽ.എ.-മാർക്ക് അതത് മണ്ഡലങ്ങളിൽ ഇക്കാര്യങ്ങളെല്ലാം മോണിറ്റർ ചെയ്യാൻ സാധിക്കും. കേന്ദ്ര വിഹിതത്തിന് അനുസൃതമായ സംസ്ഥാന വിഹിതം അതായത് 500 കോടി രൂപ സംസ്ഥാനം അഡ്വാൻസായി നൽകിയിരിക്കുകയാണ്. ഇതുവരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച വകയിൽ കുടിശ്ശിക കൊടുത്തുതീർക്കേണ്ടതും ബാക്കി പണികൾ പൂർത്തീകരിക്കേണ്ടതുമുള്ളതിനാൽ കേന്ദ്ര വിഹിതത്തിനായി കാത്തിരിക്കുന്നത് ശരിയല്ല. അതിനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകുകയും ക്യാബിനറ്റ് അംഗീകാരം നൽകുകയും ചെയ്തു. ആ തുകകൂടി ലഭ്യമാക്കുമ്പോൾ കുറേക്കൂടി ഊർജിതമായി പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കും. ഇതിനായി ഒരുമിച്ചുള്ള മുന്നേറ്റമാണ് ആവശ്യം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, മലപ്പുറം ജില്ലയിലെ എന്റെ നിയോജകമണ്ഡലത്തിലടക്കമുള്ള പ്രദേശങ്ങളിൽ ജൽ ജീവൻ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി സ്ഥലമേറ്റെടുക്കേണ്ടതായി വരുന്നുണ്ട്.

പഞ്ചായത്തും മറ്റ് ഏജൻസികളുമൊക്കെ ഈ സ്ഥലങ്ങൾ ഏറ്റെടുത്തുനൽകാൻ തയ്യാറാണ്. എന്നാൽ അതിന് വില നിശ്ചയിച്ച് കിട്ടാത്തതുകാരണം സ്ഥലം ഏറ്റെടുത്ത് ടാങ്ക്, പ്ലാന്റ് എന്നിവയുടെ നിർമ്മാണം നടത്താൻ സാധിക്കുന്നില്ല. വളാഞ്ചേരി, ഇരിമ്പിളിയം, ആതവനാട്, മാറാക്കര ഉൾപ്പെടെയുള്ള പ്രദേശത്ത് ടാങ്ക് നിർമ്മിക്കുന്നതിനായി സ്ഥലമേറ്റെടുക്കാനും അതിനായി പണം നൽകാനും പഞ്ചായത്ത് തയ്യാറായിട്ടുണ്ട്. പക്ഷെ അതിനാവശ്യമായ അനുവാദം ലഭിക്കുന്നില്ല. അതുകൊണ്ട് ആ കുടിവെള്ള പദ്ധതി മുടങ്ങിക്കിടക്കുകയാണ്. അത് എത്രയും വേഗം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അങ്ങനെയൊരു തടസ്സമുണ്ടെങ്കിൽ അടിയന്തരമായി ഇടപെടും. മാത്രമല്ല ഇതിൽ വളരെ സുതാര്യമായ ഇടപെടലാണ് ഗവൺമെന്റ് നടത്തിയത്. സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടിവരുന്ന പല തരത്തിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി പല തട്ടുകളിലായി പല ചർച്ചകളും നടന്നു. കേരളത്തിൽ ഈ പദ്ധതിക്കുവേണ്ടി

നമുക്കാവശ്യമായി വന്നത് 92.86 ഏക്കർ സർക്കാർ ഭൂമിയാണ്. എന്നാൽ ഇതിനോടകം നമുക്ക് ലഭിച്ചത് 89.61 ഏക്കർ ഭൂമിയും ഇനി ലഭിക്കാനുള്ളത് 4.60 ഏക്കർ ഭൂമിയും മാത്രമാണ്. ഗവൺമെന്റ് ഭൂമിയുടെ കാര്യം മാത്രമാണിത്. ഇനി സ്വകാര്യ ഭൂമി എടുത്താൽ 97.69 ഏക്കർ വേണ്ടിയിരുന്ന സ്ഥലത്ത് 77.9 ഏക്കർ സ്ഥലം ലഭിച്ചു. ഇനി 7.32 ഏക്കർ സ്ഥലമാണ് ലഭ്യമാകാനുള്ളത്. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ സുതാര്യമായി ചെയ്യുന്നതിന് മാർക്കറ്റ് വാല്യുവുമായി ബന്ധപ്പെട്ടുകൊണ്ട് ചില കാര്യങ്ങൾ ചെയ്താൽ മാത്രമെ ഭൂമി ലഭ്യമാകാനുള്ള സാധ്യതയുള്ളൂ. പല പഞ്ചായത്തുകളും പണം നൽകാൻ തയ്യാറാണ്. പക്ഷെ നിലവിലുള്ള ഫെയർ വാല്യൂ അനുസരിച്ച് ആരും ഈ സ്ഥലം വിട്ടുകൊടുക്കാൻ തയ്യാറല്ല. അതുകൊണ്ട് ജില്ലാ കളക്ടർമാർക്ക് അതനുസരിച്ചുള്ള കാര്യങ്ങൾ നടത്തുന്നതിനാവശ്യമായ നിർദേശം ഗവൺമെന്റ് ഉത്തരവായിത്തന്നെ നൽകിക്കഴിഞ്ഞിട്ടുണ്ട്. അവർ അത് പാലിക്കപ്പെടുന്നുണ്ട്. എവിടെയെങ്കിലും തടസ്സങ്ങളോ തർക്കങ്ങളോ ഉണ്ടെങ്കിൽ എം.എൽ.എ.-മാർക്ക് ബന്ധപ്പെടാം. അതല്ല ഗവൺമെന്റ് തലത്തിൽ പരിഹരിക്കേണ്ടതാണെങ്കിൽ, ഗവൺമെന്റ്

തലത്തിലും ആ കാര്യത്തിൽ ഇടപെട്ട്, സ്ഥല ലഭ്യത ഉറപ്പുവരുത്തി, പദ്ധതി തടസ്സപ്പെട്ടുപോയാൽ പൂർണ്ണമായും അത് ബാധിക്കുമെന്നുള്ളതുകൊണ്ട് ആ വിഷയത്തിൽ ഗൗരവപൂർവമായ സമീപനം സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കേരളത്തിൽ ജൽ ജീവൻ പദ്ധതിക്കായി പൊളിച്ച പഞ്ചായത്ത്-പി.ഡബ്ല്യു.ഡി. റോഡുകൾ 45000 കിലോമീറ്റർ ഉണ്ടെന്നാണ് കണക്ക്. ഇത് പൂർവസ്ഥിതിയിൽ എത്തിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ചില സ്ഥലങ്ങളിൽ പഞ്ചായത്ത് അവരുടെ ഫണ്ട് ഉപയോഗിച്ച് ഇത്തരം റോഡുകൾ നന്നാക്കിയിട്ടുണ്ട്. അപ്പോഴുണ്ടാകുന്ന ഒരു പ്രശ്നം എന്തെന്നാൽ, അങ്ങനെയുള്ള സ്ഥലത്ത് കണക്ഷൻ കൊടുക്കുമ്പോൾ ഈ പൈപ്പ് എവിടെയാണെന്ന് കണ്ടുപിടിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടാകും. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തെങ്കിലും പരിഹാര മാർഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, പഞ്ചായത്ത് റോഡുകളെ സംബന്ധിച്ചിടത്തോളം, കേരളത്തിന്റെ ചരിത്രത്തിൽതന്നെ ഇത്രയും റോഡുകൾ ഒരുമിച്ച് പൊളിക്കേണ്ടി വന്ന സാഹചര്യമുണ്ടായിട്ടില്ല. അത് നാം

വിലയിരുത്തേണ്ട ഒരു പ്രശ്നം തന്നെയാണ്. ഇതിന്റെ ഭാഗമായി കേരളത്തിൽ ഏകദേശം ഒരു ലക്ഷത്തിലധികം കിലോമീറ്റർ പൈപ്പ് ലൈൻ പഞ്ചായത്ത് റോഡുകളിൽ സ്ഥാപിക്കേണ്ടതുണ്ട്. അതിൽ ഏകദേശം 56813 കിലോമീറ്റർ പൈപ്പ് ലൈൻ പഞ്ചായത്ത് റോഡിൽ സ്ഥാപിച്ചുകഴിഞ്ഞു. അതിൽ 31079 കിലോമീറ്റർ റോഡ് പുനഃസ്ഥാപിക്കുകയും ചെയ്തു. അപ്പോൾ ഇത്രയും വലിയൊരു പദ്ധതി നടക്കുമ്പോൾ, പഞ്ചായത്ത് റോഡുകളിൽ അത് പുനഃസ്ഥാപിച്ചുവരുന്നതിന് ചില സ്ഥലത്തൊക്കെ ചില താമസം നേരിട്ടിട്ടുണ്ടാകും. കോൺട്രാക്ടർമാരുടെ രീതിയിൽ ചില അലംഭാവങ്ങളുമുണ്ടാകാം. എന്നോട് ഒരു കോൺട്രാക്ടർ പറഞ്ഞത്, പണം നൽകാതെ കുഴി അടയ്ക്കാൻ നിർവാഹമില്ലെന്നാണ്. ഒരു വശം നോക്കുമ്പോൾ ചില പ്രശ്നങ്ങളുണ്ട്. പക്ഷെ എഗ്രിമെന്റ് വയ്ക്കുന്ന അടിസ്ഥാനത്തിൽ തന്നെ താൽക്കാലികമായി പുനഃസ്ഥാപിച്ചു കൊടുക്കണം. Permanent restoration-നെ സംബന്ധിച്ചിടത്തോളം നമുക്ക് മനസ്സിലാക്കാം. അതുപോലും അഭാവവും അലംഭാവവും കാണിക്കുന്നുണ്ട്. അതിൽ ഉദ്യോഗസ്ഥർ നല്ല ഇടപെടൽ നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അപ്പോൾ

പഞ്ചായത്തുകളിൽ നമുക്ക് ആദ്യഘട്ടത്തിൽ വന്ന ഒന്നും രണ്ടും സ്റ്റേജിൽ ഈ റോഡ് റെസ്റ്റോറേഷനാവശ്യമായ പണം അനുവദിക്കപ്പെട്ടിരുന്നില്ല. പിന്നീട് ഗവൺമെന്റ് അതുമായി ബന്ധപ്പെട്ട് പലതവണ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി നമ്മുടെ വിഷയങ്ങളും സാഹചര്യങ്ങളുമെല്ലാം ബോധ്യപ്പെടുത്തിയപ്പോഴാണ് അതിന് അഡീഷണലായി ഫണ്ട് അനുവദിച്ചത്. അങ്ങനെ അനുവദിക്കപ്പെട്ട ഫണ്ട് ഏറ്റെടുത്ത കോൺട്രാക്ടർ മുഖാന്തരം തന്നെ ആ വർക്ക് ചെയ്യുകയാണെങ്കിൽ അവർക്ക് ലഭ്യമാകും. ഇനി ആ കോൺട്രാക്ടർ ചെയ്യാൻ തയ്യാറാകുന്നില്ലെങ്കിൽ പഞ്ചായത്ത് ആ വർക്ക് ചെയ്തതിനുശേഷം ആ തുക റീഇംപേഴ്സ് ചെയ്തുകൊടുക്കും. അതുകൊണ്ട് ഇതിനാവശ്യമായ തുകയും കൂടി ഇതിനകത്ത് ഉൾപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് റോഡുകൾ തകരുന്നുവെന്ന് പറയുമ്പോൾ ഈ റോഡ് പൊളിക്കുന്ന ഭാഗം റിസ്റ്റോർ ചെയ്യാനുള്ള തുക മാത്രമേ ജലജീവൻ മിഷന്റെ ഭാഗമായിട്ടുള്ളൂവെന്ന് മനസ്സിലാക്കണം. പക്ഷെ അത് പൊളിക്കുമ്പോൾ റോഡ് മൊത്തം നന്നാക്കണമെന്ന നില വന്നുകഴിഞ്ഞാൽ അത് പ്രായോഗികമായി ചില ബുദ്ധിമുട്ടുണ്ടാക്കും. പഞ്ചായത്ത് കമ്മിറ്റികളും ജനപ്രതിനിധികളുമെല്ലാം

കൂടിയാലോചിച്ച് അതത് നിയോജകമണ്ഡലത്തിലെ പ്രശ്നം പരിഹരിക്കാൻ ഒരു മാർഗം കണ്ടെത്തേണ്ടതുണ്ട്. എന്നാൽ ഇതിന്റെ ഭാഗമായി പൊളിച്ചിട്ടുള്ള റോഡുകൾ ഏതെങ്കിലും തലത്തിൽ ഇടപെടലിന്റെ കുറവുകൊണ്ട് ബുദ്ധിമുട്ട് നേരിടുന്നുണ്ടെങ്കിൽ അത് പരിഹരിച്ചു പോകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. യു. എ. ലത്തീഫ്: സർ, പദ്ധതി നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകും എന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ സന്തോഷം രേഖപ്പെടുത്തുകയാണ്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് സൂചിപ്പിച്ചതുപോലെ, ജൽ ജീവൻ പദ്ധതിക്കുവേണ്ടി മഞ്ചേരി മണ്ഡലത്തിലെ കീഴാറ്റൂർ, തൃക്കലങ്ങോട് പഞ്ചായത്തുകളിൽ റോഡുകൾ വെട്ടിപ്പൊളിച്ചത് പുനഃസ്ഥാപിക്കാത്തതിനാൽ ഗതാഗതത്തിന് വലിയതോതിൽ ബുദ്ധിമുട്ട് അനുഭവപ്പെടുകയാണ്. ഇത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; പദ്ധതി പ്രകാരം വീടുകളിലേക്ക് വെള്ളം എത്തിക്കുന്ന പ്രവൃത്തികൾ ഇഴഞ്ഞുനീങ്ങുന്നതിനാൽ അത് വേഗത്തിൽ പൂർത്തിയാക്കി കുടിവെള്ളം നൽകാനും നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അത് ഇവിടെ പറഞ്ഞ കാര്യം തന്നെയാണ്, തീർച്ചയായും പരിശോധിക്കാം. മഞ്ചേരി മണ്ഡലത്തിൽ അല്പം ഇഴഞ്ഞാണ് പ്രവൃത്തികൾ നീങ്ങുന്നത്. അത് എം.എൽ.എ.-യും കൂടി പരിശോധിക്കണം. ഞാൻ ഈയിടെ മഞ്ചേരിയിൽ ഒരു പ്രോഗ്രാമിന് വരാനിരുന്നപ്പോൾ എന്തോ ഒരു ശീതസമരം കാരണം അവിടത്തെ പ്രോഗ്രാംതന്നെ വേണ്ടെന്നുവച്ചു. എന്തായാലും ആ വിഷയങ്ങൾ കൂട്ടായി പരിശോധിച്ച് നല്ല ഇടപെടൽ നടത്താം. ഏതായാലും കുടിവെള്ളം എല്ലാവർക്കും കൊടുക്കേണ്ടത് ആവശ്യമുള്ളതിനാൽ തീർച്ചയായും ആ കാര്യത്തിൽ നല്ല പരിഗണനയുണ്ടാകുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഇന്ത്യാ രാജ്യത്ത് 2019-ൽ ആരംഭിച്ച ഒരു മഹത്തായ പദ്ധതിയിൽ, ഒരു വർഷം വൈകി മാത്രം നമ്മൾ ഭാഗമായി, അതിൽ വർഷങ്ങൾ പഴക്കമുള്ള എസ്റ്റിമേറ്റും പ്രോജക്ടുകളും സമർപ്പിച്ച് അംഗീകാരം നേടി, ഗൂഗിൾ മാപ്പ് ഉപയോഗിച്ചുള്ള സർവേ കൊണ്ടുമാത്രം പ്രോജക്ടുകൾ ഉണ്ടാക്കുക, സംസ്ഥാന സർക്കാർ വിഹിതം യഥാസമയം വകയിരുത്താതിരിക്കുക, ഭൂമി യഥാസമയം ഏറ്റെടുത്ത് നൽകാതിരിക്കുക,

കരാറുകാരുടെ തുക യഥാസമയം നൽകാതിരിക്കുക, കേന്ദ്ര ഫണ്ട് യഥാസമയം വിനിയോഗിക്കാതിരിക്കുകയും വിനിയോഗ സർട്ടിഫിക്കറ്റ് കേന്ദ്രത്തിന് നൽകാതിരിക്കുകയും ചെയ്യുക എന്ന ഗുരുതരമായ വീഴ്ചകൾ കാരണം ജൽ ജീവൻ മിഷൻ പദ്ധതി മുഖേന കുടിവെള്ളമെത്തിക്കാൻ കഴിഞ്ഞത് വെറും 54% വീടുകളിൽ മാത്രമാണ്. അങ്ങനെ രാജ്യത്ത് ഏറ്റവും പിന്നിൽ, 34-ാം സ്ഥാനത്ത് നാണം കെട്ട് നിൽക്കുന്ന ഒരവസ്ഥയാണ് കേരളത്തിനുള്ളത്. ജൽ ജീവൻ മിഷൻ പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുമെന്ന് പ്രകടനപത്രികയിൽ വാഗ്ദാനം നൽകിയ ഒരു മുന്നണിയുടെ സർക്കാരിന് ഇനിയും 36% വീടുകളിൽ കുടിവെള്ളമെത്തിക്കാൻ സാധിച്ചിട്ടില്ല.

മി. സ്പീക്കർ: അങ്ങ് ചോദ്യത്തിലേക്ക് വരൂ.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഈ ചുരുങ്ങിയ മാസങ്ങൾകൊണ്ട് എത്ര വീടുകളിൽ കുടിവെള്ളമെത്തിക്കാനും  എത്ര ശതമാനം പദ്ധതികൾ പൂർത്തീകരിക്കാനും സാധിക്കും?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, പരിചയസമ്പന്നനായ ഒരു

നിയമസഭാംഗം ഇത്തരത്തിൽ ഒരു ചോദ്യം ഉന്നയിച്ചത് സഭയിൽ എല്ലാവർക്കും ഇത്തരം കാര്യങ്ങൾ ഒന്ന് പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കാനുള്ള അവസരമുണ്ടാക്കി. ആദ്യം പരിഗണിക്കേണ്ടത്, ഈ പറഞ്ഞ വാദഗതികൾ ശരിയാണോയെന്നും പിന്നെ ഗൂഗിൾമാപ്പ് ഉപയോഗിച്ചാണോ അല്ലാതെയാണോ എന്നുമാണ്. ഇത്രയും വർക്ക് കേരളത്തിൽ നടക്കുകയാണ്. എത്ര ദിവസംകൊണ്ടാണ് ഒരു റോഡ് നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് പൂർത്തിയാക്കുന്നത്; ഇത് അളന്നുതിരിച്ച് പൈപ്പ് ഇടുന്ന വഴി, ഓവർഹെഡ് ടാങ്ക്, പ്ലാന്റ് എന്നിങ്ങനെ ഈ സിസ്റ്റമെല്ലാം തയ്യാറാക്കാൻ കാലതാമസമുണ്ടായോ? ഏതാണ് പ്രശ്നമുണ്ടായതെന്ന് ആ പറഞ്ഞതിൽനിന്നും എനിക്ക് ഒരു കാര്യവും മനസ്സിലായിട്ടില്ല. ഇനി നമ്മുടെ മണ്ഡലം ഒന്ന് പരിശോധിക്കാം. 55 ശതമാനം കണക്ഷൻ കൊടുത്തതിൽ ആക്ഷേപകരമായി പോയെന്നാണ് പറയുന്നതെങ്കിൽ, 55 ശതമാനം കൊടുത്തതിൽ അഭിമാനമുള്ള ഒരു ഗവൺമെന്റാണ് ഇതെന്ന് മനസ്സിലാക്കണം. ....(ബഹളം).....

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് ചെയറിനെ

അഭിസംബോധന ചെയ്ത് സംസാരിക്കു. പ്രതിപക്ഷം ഉത്തരം കേൾക്കാൻ ക്ഷമ കാണിക്കണം. ....(ബഹളം).....

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഈ ചോദ്യത്തിന്റെ ആരംഭത്തിൽത്തന്നെ ഞാൻ പറഞ്ഞു, ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഇക്കാര്യത്തിൽ നല്ലരീതിയിൽ സഹകരിക്കുന്ന ജനപ്രതിനിധികളാണ് ഓരോരുത്തരുമെന്ന്. അതിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരു തർക്കവുമില്ല. ഇവിടെ ചോദിച്ച ചോദ്യത്തിന് മറുപടി പറയണ്ടേ; നമ്മുടെ സംസ്ഥാനത്തിന്റെ അവസ്ഥയെന്തായിരുന്നു? 17 ലക്ഷം ഗാർഹിക കുടുംബങ്ങളിൽ മാത്രം കുടിവെള്ളം കൊടുക്കാൻ കഴിഞ്ഞിരുന്ന കാലഘട്ടത്തിൽ ആരംഭിച്ച ഒരു പദ്ധതി, 3 വർഷംകൊണ്ട് 54 ശതമാനം പൂർത്തീകരിച്ച് ഏതാണ്ട് 40 ലക്ഷം കുടുംബങ്ങളിൽ കുടിവെള്ളം എത്തിയെന്ന് പറഞ്ഞാൽ അത് ക്ഷീണമാണോ? അതുപോലെ 8 ലക്ഷം ഗാർഹിക കുടുംബങ്ങളിലേക്ക് ആവശ്യമായ പൈപ്പ്ലൈൻ ഇട്ടു. പക്ഷേ, കണക്ഷൻ കൊടുക്കണമെങ്കിൽ പ്ലാന്റും അനുബന്ധ സൗകര്യങ്ങളും രൂപപ്പെടണം. മൂന്നോ നാലോ മാസക്കാലംകൊണ്ട് പ്ലാന്റും ഓവർഹെഡ്

ടാങ്കും സൗകര്യങ്ങളും രൂപപ്പെട്ടാൽ ഈ പറയപ്പെടുന്ന 40 എന്നുള്ളത് 48 ലക്ഷം കുടുംബങ്ങളിലേക്ക് എത്താൻ പോകുകയാണ്. ആ നിലയിൽ മുന്നേറുന്ന ഒരു സ്ഥലത്ത് ഇത്തരത്തിലുള്ള പ്രശ്നങ്ങളല്ല നമ്മൾ ചിന്തിക്കേണ്ടത്. രാഷ്ട്രീയപരമായി ജൽ ജീവൻ മിഷനെയും കുടിവെള്ളത്തെയും കാണരുത്. ശ്രീ. മഞ്ഞളാംകുഴി അലി സാഹിബിന്റെ മണ്ഡലമെടുത്താൽ എന്താണ് സ്ഥിതി? അവിടെ 58061 കുടുംബങ്ങളാണുള്ളത്. അവിടെ ഇതിനുമുമ്പുണ്ടായിരുന്ന കണക്ഷൻ 13337 എണ്ണമാണ്. എന്നുപറഞ്ഞാൽ 22.34 ശതമാനം. ബഹുമാനപ്പെട്ട എം.എൽ.എ. തന്നെ മീറ്റിംഗ് വിളിച്ചുകൂട്ടി നല്ല ഇടപെടൽ നടത്തി. ഞാൻ എതിർത്തില്ലല്ലോ. അതിന്റെ ഭാഗമായി ശ്രീ. മഞ്ഞളാംകുഴി അലിയുടെ മണ്ഡലത്തിൽ 76.93 ശതമാനം വർധനവാണുണ്ടായത്. അത് ശരിയല്ലെങ്കിൽ പറയണം. പതിമൂന്നായിരത്തിൽനിന്നും 45000 വീടുകളിൽ കുടിവെള്ളം കൊടുത്തിട്ട് ആ പദ്ധതി ശരിയായില്ലെന്നുപറഞ്ഞാൽ അത് എങ്ങനെ ശരിയാകും? അതുകൊണ്ട് ഇക്കാര്യത്തിൽ സമഭാവനയോടെയുള്ള ഒരു സമീപനമാണ് ആവശ്യം. ഞാൻ ഒരു തർക്കത്തിനുമില്ല. പണത്തിന് കുറച്ച്

ബുദ്ധിമുട്ട് വന്നതുകൊണ്ടാണ് ലോൺ എടുത്തത്. ആ നിലയിൽ നമുക്ക് മുന്നോട്ടുപോകാം. അതുകൊണ്ട് എത്രയും പെട്ടെന്ന് ആ മണ്ഡലത്തിലെയും പ്രവൃത്തികൾ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. കെ. അക്ബർ: സർ, ഗുരുവായൂർ അഴുക്കുചാൽ പദ്ധതിയും കുടിവെള്ള വിതരണ പദ്ധതിയും ഒരുമിച്ച് വാട്ടർ അതോറിറ്റി നടത്തുന്നതിനാൽ അവിടെ വളരെയേറെ പ്രയാസങ്ങളുണ്ടാകുന്നുണ്ട്. അതുകൊണ്ട് ഗുരുവായൂർ അഴുക്കുചാൽ പദ്ധതിയുടെ പ്രവർത്തനത്തിനുവേണ്ടി പ്രത്യേക സെക്ഷൻ അനുവദിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഈ വിഷയം പ്രത്യേകമായി പരിഗണിച്ച് വാട്ടർ അതോറിറ്റിയുമായി ചർച്ച ചെയ്യേണ്ടതുണ്ട്. അതിൽ സംയോജിതമായും സമയബന്ധിതമായും ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. പ്രമോദ് നാരായൺ: സർ, റാന്നി മണ്ഡലത്തിൽ നടപ്പാക്കുന്ന ജലമിത്ര പദ്ധതിക്ക് സർക്കാർ നൽകുന്ന പിന്തുണയുടെകൂടി പശ്ചാത്തലത്തിൽ ശബരിമല തീർഥാടകർക്കായി കുടിവെള്ളമെത്തിക്കാൻ

ഭാരിച്ച തുക ചെലവഴിച്ചുകൊണ്ട് ടാങ്കറുകളിൽ വെള്ളം എത്തിക്കുന്ന രീതി അവസാനിപ്പിക്കുന്നതിനായി നിലയ്ക്കലിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയുടെ ട്രയൽ റൺ വിജയിച്ച സാഹചര്യത്തിൽ വരാൻ പോകുന്ന തീർഥാടനത്തിനുമുമ്പായി ടി പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്ത് തീർഥാടകർക്ക് പ്രയോജനകരമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വാട്ടർ അതോറിറ്റിക്കും സംസ്ഥാന ഗവൺമെന്റിനുമെല്ലാം ഏറെ സന്തോഷകരമായിട്ടുള്ള അനുഭവമാണിത്. ബഹുമാനപ്പെട്ട റാന്നി എം.എൽ.എ. സൂചിപ്പിച്ചതുപോലെ, കാലങ്ങളായി നിലയ്ക്കൽ വെള്ളമെത്തിച്ചിരുന്നത് ലോറികളിലും ടാങ്കറുകളിലുമൊക്കെയാണ്. കുടിവെള്ള പദ്ധതിയുടെ ട്രയൽ റൺ നടന്നു. പത്തനംതിട്ട ജില്ലയിലെ പുണ്യതീർഥാടന കേന്ദ്രമായ ശബരിമല ആഗോള തീർഥാടന കേന്ദ്രമായി വികസിച്ചുവരികയാണ്. ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് നിലയ്ക്കൽ ബേസ് ക്യാമ്പിലെത്തുന്ന ലക്ഷണക്കണക്കിന് തീർഥാടകർക്കും പെരുനാട് പഞ്ചായത്തിലെ നിലയ്ക്കൽ, പ്ലാപ്പള്ളി, ളാഹ ഭാഗങ്ങളിലും സീതത്തോട് പഞ്ചായത്തിലും കുടിവെള്ളം

എത്തിക്കുന്നതിനായി നബാർഡ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് സീതത്തോട്-നിലയ്ക്കൽ കുടിവെള്ള പദ്ധതി. അതിന്റെ ഭാഗമായി മണ്ഡലകാലമാകുമ്പോഴേയ്ക്കും കുറച്ചുകൂടി മെച്ചപ്പെടുത്തി അവിടെ ടാങ്കർ ലോറികളിലുള്ള കുടിവെള്ള വിതരണത്തിന്റെ രീതി കുറച്ചുകൊണ്ടുവന്ന് പൂർണ്ണതോതിൽ ശബരിമലയിൽ എത്തുന്ന തീർഥാടകർക്ക് കുടിവെള്ളം നൽകുന്ന പദ്ധതി ചരിത്രത്തിലാദ്യമായി നടപ്പാക്കാൻ സാധിക്കുമെന്ന പ്രതീക്ഷയിൽ മുന്നേറുന്ന സ്ഥിതിയാണുള്ളത്. അത് സംസ്ഥാനത്തിന് അഭിമാനകരമാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സംസ്ഥാനത്ത് ഇന്ന് ജലജീവൻ മിഷൻ പദ്ധതി പരിപൂർണ്ണമായും നിലച്ചിരിക്കുകയാണ്. ഇന്ത്യയിൽ കേരളമാണ് ജലജീവൻ പദ്ധതിയിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന സംസ്ഥാനം. ടി പദ്ധതിയുടെ കാലാവധി കേന്ദ്രഗവൺമെന്റ് അവസാനിപ്പിച്ചതാണ് അതിന് കാരണം. ശ്രീമതി നിർമ്മല സീതാരാമൻ എന്ന ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ മൂന്ന് വർഷംകൂടി ടി പദ്ധതിയുടെ കാലയളവ് വർധിപ്പിക്കാൻ പോകുന്നുവെന്നാണ്

പറഞ്ഞത്. കേന്ദ്ര ഗവൺമെന്റ് കേരളത്തിലേക്ക് ഒരു ടീമിനെ അയയ്ക്കുകയും ആ ടീം വന്ന് പരിശോധിക്കുകയും ചെയ്തു. എന്റെ നിയോജകമണ്ഡലത്തിലെ ഹരിപ്പാട് കുടിവെള്ള പദ്ധതി പതിനാറ് വർഷമായി പല കാരണങ്ങളാൽ മുടങ്ങിക്കിടക്കുകയാണ്. ആ പദ്ധതിയുൾപ്പെടെ 90 പദ്ധതികൾ ഐഡന്റിഫൈ ചെയ്തു. കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭ്യമാകാത്തതിനാൽ ഈ പദ്ധതികളൊന്നും ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. കേരളത്തിൽ മാത്രമല്ല ഇന്ത്യയിലൊട്ടാകെ ഇതാണ് അവസ്ഥ. ഇതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം കാര്യങ്ങൾ ചെയ്യും; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും കേന്ദ്രസർക്കാരുമായി ഇടപെട്ട് അടിയന്തരമായി നടപടികൾ സ്വീകരിച്ചാൽ മാത്രമേ 'ജൽ ജീവൻ മിഷൻ' മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ് ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല ഇവിടെ സൂചിപ്പിച്ചത്. അദ്ദേഹം പറഞ്ഞതിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം, കേന്ദ്ര

ഗവൺമെന്റിന്റെ ഒരു സർക്കുലർപ്രകാരം അത്തരം കാര്യങ്ങളിൽ പുതിയ എഗ്രിമെന്റ് വച്ചതിനാൽ സർക്കാരിന് മുന്നോട്ടുപോകാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. പക്ഷേ അങ്ങനെ നിൽക്കാൻ സാധിക്കില്ല. അതിനാൽ ഇക്കാര്യത്തിൽ സർക്കാർ ശക്തമായ ഇടപെടലുകളും ആഴ്ചതോറും ഓർമ്മക്കുറിപ്പുകളും അയച്ച് മുന്നോട്ടുപോകുകയാണ്. എന്നാൽ ഇതിന്റെ ഭാഗമായി കേരളത്തിൽ ആരംഭിച്ച കുടിവെള്ള പദ്ധതികളിൽ ഏതെങ്കിലുമൊരു ഭാഗത്തിന്റെ പ്രവൃത്തി പൂർത്തിയാക്കാനുള്ളതുകൊണ്ട് ഒരു പദ്ധതിയും മുടങ്ങിപ്പോകില്ല. അങ്ങനെ മുടങ്ങിപ്പോയാൽ, പ്ലാന്റിന്റെ പ്രവർത്തനങ്ങൾ പൂർത്തിയാകുകയും എന്നാൽ ലൈൻ വലിക്കാൻ കഴിയാത്തതും ഓവർ ഹെഡ് ടാങ്ക് വച്ചെങ്കിലും ഡിസ്ട്രിബ്യൂഷൻ നൽകാൻ സാധിക്കാത്തതുമായ പ്രോജക്ടിൽ ഏതെങ്കിലും കമ്മീഷൻ ചെയ്യാനായി ബാക്കി നിൽക്കുന്നുണ്ടെങ്കിൽ അവ പരിഗണിച്ചുകൊണ്ട് പ്രത്യേക അനുമതി നൽകി ആ വർക്ക് ചെയ്യുന്നതിനായുള്ള നടപടികൾ നടപ്പാക്കുന്നതിനെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ആലോചിക്കുകയാണ്. കേന്ദ്രത്തിനുവേണ്ടി കാത്തിരിക്കുക എന്നുള്ളതുമാത്രം ഈ പദ്ധതി

പൂർത്തീകരിക്കുന്നതിന് തടസ്സമായി കണ്ട് മുന്നോട്ടുപോകാൻ ആഗ്രഹിക്കുന്നില്ല. അതോടൊപ്പം ഇക്കാര്യത്തിൽ കേന്ദ്രമാണ് ഇപ്പോൾ തടസ്സമുണ്ടാക്കി നിൽക്കുന്നതെന്ന വിവരം എല്ലാവരും മനസ്സിലാക്കേണ്ടതാണ്. സംസ്ഥാനം ആവശ്യമായ വിഹിതം കേന്ദ്രം പറഞ്ഞതുപ്രകാരം നൽകി. ഇപ്പോൾ സംസ്ഥാനം 500 കോടി രൂപകൂടി അഡ്വാൻസായി നൽകിയെങ്കിലും കേന്ദ്രത്തിൽനിന്നുള്ള ഫണ്ടുകൾ ഒരു വർഷംകൊണ്ട് സംസ്ഥാനത്തിന് ലഭിക്കുന്നില്ല. ജൽ ജീവൻ മിഷൻ 2028 വരെ ദീർഘിപ്പിച്ചുവെന്ന് പറഞ്ഞാലും തുടർനടപടികളൊന്നും കേന്ദ്രത്തിൽനിന്നും സ്വീകരിച്ചിട്ടില്ല. അതിന് ശക്തമായ നിലപാട് സ്വീകരിക്കണം. നമുക്ക് ഒരുമിച്ച് ഇക്കാര്യത്തിൽ പ്രവർത്തിക്കാം. കേന്ദ്രത്തിൽനിന്നുള്ള തുകകൂടി ലഭിക്കേണ്ടത് സംസ്ഥാനത്തിന്റെ അവകാശമാണ്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സംയോജിത പദ്ധതിയായ ജൽ ജീവൻ മിഷനിൽ സംസ്ഥാനം നൽകുന്ന വിഹിതത്തിനനുസൃതമായി കേന്ദ്രം നൽകുകയും കേന്ദ്രം നൽകുന്ന തുകയ്ക്കനുസൃതമായി സംസ്ഥാനം നൽകുകയും ചെയ്യുകയെന്നതിൽ ഇപ്പോൾ

സംസ്ഥാനം മുന്നിട്ടുനിൽക്കുകയാണ്. കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തിന് തുക ലഭിച്ചിട്ടില്ല. പക്ഷേ ആരംഭിച്ച ജോലികൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് തടസ്സം നേരിടാതിരിക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എല്ലാ ഇടപെടലുകളും നടത്തി മുന്നോട്ടുപോകുന്ന സ്ഥിതിയാണുള്ളത്.

**ഇടമലക്കുടിയിൽ വീട്ടമ്മയെ ചുമന്ന് ആശുപത്രിയിലെത്തിച്ച സംഭവം**

4 (*64) ശ്രീ. അൻവർ സാദത്ത്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലക്കുടിയിൽ തിരുവോണനാളിൽ പനി ബാധിച്ച് അവശനിലയിലായ വീട്ടമ്മയെ കിലോമീറ്ററുകൾ ചുമന്ന് ആശുപത്രിയിലെത്തിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇടമലക്കുടിയിലെ കുടലാർകുടി സ്വദേശികളായ ദമ്പതിമാരുടെ മകൻ പനി ബാധിച്ച് ചികിത്സ കിട്ടാതെ മരിച്ച സംഭവം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇടമലക്കുടിയിൽ ദിവസങ്ങൾക്കുള്ളിൽ തന്നെ പ്രസ്തുത സംഭവങ്ങൾ ആവർത്തിച്ചുണ്ടായത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ രണ്ട് സംഭവങ്ങളും ഇടമലക്കുടിയിലെ കൂടലാർകുടി എന്ന ദുർഘട പ്രദേശത്താണ് സംഭവിച്ചിരിക്കുന്നത്. ഇടമലക്കുടിയുടെ ഭൂമിശാസ്ത്രപരമായ ദുർഘടത കാരണം കൂടലാർകുടിയിൽനിന്നും പ്രധാന റോഡിലേക്ക് എത്തുന്നതിന് നിലവിൽ വനപാത മാത്രമാണുള്ളത്. കൂടലാർകുടിയിൽനിന്നും വനപാതയിലൂടെ സഞ്ചരിച്ച് ആനക്കുളത്ത് എത്തിയാൽ മാത്രമേ ഇവർക്ക് മാങ്കുളം വഴി അടിമാലിയിൽ എത്താൻ സാധിക്കുകയുള്ളൂ. ഈ പ്രദേശത്തേക്ക് റോഡുകൾ

നിർമ്മിക്കേണ്ടതുണ്ട്. ആയതിന് വനം വകുപ്പിൽനിന്നും അനുമതി ലഭ്യമാകേണ്ടതുണ്ട്.

(സി) ഇടമലക്കുടിപോലെയുള്ള ദുർഘട പ്രദേശങ്ങളിലുള്ള ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങളിൽ വകുപ്പ് ശ്രദ്ധ നൽകിവരുന്നുണ്ട്. ഓണക്കാലത്ത് കല്ലാർകുടി ഭാഗത്ത് പനിബാധയുണ്ടായി എന്നറിഞ്ഞപ്പോൾ തന്നെ ജില്ലാ മെഡിക്കൽ ഓഫീസറുമായി ബന്ധപ്പെട്ട് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇടമലക്കുടിയുടെ ഭൂമിശാസ്ത്രപരമായ ദുർഘടത മനസ്സിലാക്കി വകുപ്പ് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

ഇടമലക്കുടിയിലേയ്ക്ക് ആദ്യഘട്ടം റോഡ് പെട്ടിമുടി മുതൽ ഇഡലിപ്പാറവരെയുള്ള 7 കിലോമീറ്റർ റോഡ് രാജമല പെട്ടിമുടിയിൽനിന്നും നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. റോഡ് നിർമ്മാണം 4.7 കിലോമീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ദൂരംകൂടി പൂർത്തിയായാൽ രണ്ടാം ഘട്ടമായ ഇഡലിപ്പാറ-സൊസൈറ്റിക്കുടി വരെയുള്ള റോഡ് നിർമ്മാണം ആരംഭിക്കാൻ സാധിക്കും. മറ്റ് കുടികളിലേക്കുള്ള റോഡുകൾ കൂടി നിർമ്മിച്ചാൽ പൂർണ്ണമായും ഇടമലക്കുടിയിലേക്കുള്ള യാത്രാക്ലേശം

പരിഹരിക്കാൻ സാധിക്കും.

ശ്രീ. അൻവർ സാദത്ത്: സർ, ഇന്ത്യയിലെ മറ്റുചില സംസ്ഥാനങ്ങളിൽ കണ്ടുവരുന്ന ചില സംഭവങ്ങളാണ് ഇന്ന് നമ്മുടെ കൊച്ചുകേരളത്തിലും കണ്ടത്. കിലോമീറ്ററുകൾ ചുമന്നാണ് ഇടമലക്കുടിയിലെ കൂടലാർകുടി സ്വദേശികളായ ദമ്പതികളുടെ പനി ബാധിച്ച മകനെ ആശുപത്രിയിൽ കൊണ്ടുപോയത്. ആശുപത്രിയിൽ കൊണ്ടുപോയെങ്കിലും ആ കുട്ടി മരണപ്പെടുന്ന സാഹചര്യമുണ്ടായി. ആദിവാസികൾ താമസിക്കുന്ന ഇത്തരം പ്രദേശങ്ങളിൽ രോഗികളായ ആളുകളെ എത്രയും വേഗം ആശുപത്രികളിൽ എത്തിക്കാനുള്ള സംവിധാനമില്ല. ആധുനിക യുഗത്തിൽ അവിടെ എന്തെല്ലാം സൗകര്യങ്ങൾ കൊണ്ടുവരാൻ സാധിക്കും; എന്തുകൊണ്ട് സർക്കാർ അതിന് തയ്യാറാകുന്നില്ല; അത് എത്രയും വേഗം നടപ്പിലാക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഇടമലക്കുടി എന്നത് നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു പഞ്ചായത്താണ്. 2009-ൽ അന്നത്തെ എൽ.ഡി.എഫ്. സർക്കാരാണ് കേരളത്തിലെ ഏക ട്രൈബൽ പഞ്ചായത്തായി

ഇടമലക്കുടിയെ പ്രഖ്യാപിച്ചത്. അങ്ങനെ പ്രഖ്യാപിക്കാനുള്ള കാരണമെന്ന് പറയുന്നത്, വർഷങ്ങളായി പതിനൊന്ന് കിലോമീറ്ററോളമുള്ളിൽ അവരുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും വിശ്വാസങ്ങളുമായി ജീവിക്കുന്ന ഒരു വിഭാഗം ജനതയുണ്ട്. അവരെ ആ പ്രദേശത്തുനിന്നും പുറത്തേക്ക് കൊണ്ടുവരുന്നതിന് കാലാകാലങ്ങളായി സർക്കാർ പലശ്രമങ്ങളും നടത്തുകയുണ്ടായി. അത് ഫലപ്രദമാകാതെ വന്ന സാഹചര്യത്തിലാണ് 2009-ൽ അന്നത്തെ സർക്കാർ ആ പ്രദേശം പഞ്ചായത്തായി രൂപീകരിച്ചത്. അതിനുശേഷം സ്കൂൾ, വൈദ്യുതി, ടെലഫോൺ കണക്ഷനുകൾ, ആശുപത്രി എന്നിവ അന്നത്തെ സർക്കാർ അവിടെ അനുവദിച്ചു. പക്ഷേ പതിനൊന്ന് കിലോമീറ്ററോളം വരുന്ന റോഡാണ് ഏക മാർഗമായി അവിടെയുള്ളത്. ആ പ്രദേശം സന്ദർശിച്ച ഒരു വ്യക്തിയെന്ന നിലയ്ക്ക് എനിക്ക് അതിനെ റോഡ് എന്നുപറയാൻ സാധിക്കില്ല. റോഡില്ലാത്തതിനാൽ ഈ വികസത്തിനുപുറമെ കൂടുതൽ വികസനം വേഗത്തിൽ ചെയ്യാൻ പ്രയാസമുണ്ട്. ആ പ്രയാസങ്ങൾ മനസ്സിലാക്കിയാണ് മുൻ മന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ ടി വകുപ്പ് കൈകാര്യം ചെയ്തിരുന്ന സമയത്ത് ആ പ്രദേശത്തേയ്ക്കുള്ള പതിനൊന്ന്

കിലോമീറ്റർ റോഡ് നിർമ്മിക്കുന്നതിനായി 13 കോടി രൂപ അനുവദിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ റോഡുപണികളുടെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ഏകദേശം അഞ്ച് കിലോമീറ്ററോളം ആ റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചു. അങ്ങോട്ടുള്ള പ്രധാനപ്പെട്ട റോഡിന്റെ പൂർത്തീകരണം നടക്കുമ്പോൾ മാത്രമേ അവിടെയുള്ള വികസനങ്ങൾ വേഗത്തിലാക്കാൻ സാധിക്കുകയുള്ളൂ. അതിനുവേണ്ടിയുള്ള കാര്യങ്ങൾ അതിവേഗം നടന്നുകൊണ്ടിരിക്കുകയാണ്. ആ പ്രദേശം നൂറ് ശതമാനവും വനമാണ്. വനമായതുകൊണ്ടുതന്നെ വനം വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിട്ടു. അതെല്ലാം ലഭ്യമാക്കിയതിനുശേഷമാണ് സർക്കാർ ഇടപെട്ട് റോഡ് നിർമ്മാണം ആരംഭിച്ചത്. എന്നാലും സമയബന്ധിതമായി ആ റോഡ് പൂർത്തീകരിക്കുന്നതോടുകൂടി കാര്യങ്ങൾ വേഗത്തിലാക്കാനും അവിടത്തെ വികസനം കൂടുതൽ മെച്ചപ്പെടുത്താനും സാധിക്കും. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടലാർകുടി എന്നറിയപ്പെടുന്ന ഒരു ദുർഘട പ്രദേശത്താണ് പ്രസ്തുത വിഷയം

നടന്നിട്ടുള്ളത്. അതായത്, പ്രധാനമായും ഞാൻ നേരത്തെ സൂചിപ്പിച്ച റോഡിനുപുറമെ അതിന്റെയുമുള്ളിൽ, വനാന്തരത്തിനുള്ളിലുള്ള റോഡെന്ന് പറയാൻ സാധിക്കില്ല, എങ്കിലും അങ്ങനെയുള്ള ദുർഘടമായ ഒരു നടവഴിയിലാണ് ഈ സംഭവമുണ്ടായിട്ടുള്ളത്. ആ വഴിയിലൂടെയാണ് പ്രധാനമായും നാം നിർമ്മിച്ചുകൊണ്ടിരിക്കുന്ന റോഡിലേയ്ക്ക് എത്തിച്ചേരേണ്ടത്. ഈ റോഡ് നിർമ്മിച്ചാൽ മാത്രമെ കൂടലാർകുടി എന്ന സ്ഥലത്തേയ്ക്ക് റോഡുകൾ നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. അതിനാൽ പ്രധാനപ്പെട്ട റോഡുകൾ പൂർത്തീകരിച്ചതിനുശേഷം മറ്റ് റോഡുകൾകൂടി പൂർത്തീകരിക്കുന്നതിനായി വകുപ്പ് നടപടി സ്വീകരിക്കും.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, എസ്.സി. വിഭാഗത്തിൽപ്പെട്ടയാളുകൾക്ക് ഭൂമി വാങ്ങാറുണ്ട്. എന്നാൽ ഭൂമി വാങ്ങുമ്പോൾ, പലയിടത്തും ഇടനിലയ്ക്ക് നിൽക്കുന്ന ഭൂമാഫിയകൾ ഈ പണം തട്ടിയെടുക്കാൻ ശ്രമിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ വാഴക്കുളം ബ്ലോക്ക് ഏരിയയിൽ എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി വാങ്ങി. ഭൂമിയുടെ ആധാരത്തിൽ വഴി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും

വാസ്തവത്തിൽ ആ ഭൂമിക്ക് വഴിയില്ല. ആ ഭൂമിയിൽ പല ബിൽഡിംഗുകൾ നിർമ്മിച്ചെങ്കിലും വഴിയില്ലാതെ കാടുപിടിച്ചുകിടക്കുകയാണ്. പ്രസ്തുത വിഷയം വിജിലൻസ് അന്വേഷിക്കുന്നുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരെ മാത്രം കുറ്റക്കാരാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. എന്നാൽ ഉദ്യോഗസ്ഥരെയുൾപ്പെടെ, ആധാരം എഴുതിയയാൾ, രജിസ്ട്രാർ, ഇതിന് സാക്ഷിനിന്ന ആളുകൾ അവരെയെല്ലാം അന്വേഷണപരിധിയിൽ കൊണ്ടുവരാനും അവർക്കെതിരെ നടപടി സ്വീകരിക്കാനും തയ്യാറാകുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ കുറച്ചൊക്കെ ശരിയാണ്. എസ്.സി./എസ്.ടി. വിഭാഗത്തിന് ഭൂമി വാങ്ങുമ്പോൾ പ്രധാനമായും നാല് മാനദണ്ഡങ്ങൾ പറഞ്ഞിട്ടുണ്ട്. ചെങ്കുത്തായിട്ടുള്ള സ്ഥലം ഏറ്റെടുക്കാൻ പാടില്ല, വാങ്ങുന്ന സ്ഥലത്തേയ്ക്ക് നിർബന്ധമായും വഴി (റോഡ്), വൈദ്യുതി, കുടിവെള്ളം തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടാകണം. ഈ നാല് മാനദണ്ഡങ്ങൾവച്ചാണ് ഭൂമി വാങ്ങാൻ നിർദ്ദേശം നൽകിയിട്ടുള്ളത്. പക്ഷേ ചില സ്ഥലങ്ങളിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലുള്ള കാര്യങ്ങൾ

നടക്കുന്നുണ്ട്. അത് ബന്ധപ്പെട്ട വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

(ചോദ്യോത്തരവേള അവസാനിച്ചു)